بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാള്യം 8

ലക്കം 43

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ഒക്ടോബർ 26/ ഹി.ശം 1402 അഖാഅ് 26/ റബീഉസ്സാനി 10

## അല്ലാഹുവിന്റെ വചനം

وَرَاَ الۡمُجۡرِمُوۡنَ النَّارَ فَظَنُّوۡۤا اَنَّہُمۡ مُّوَاقِعُوۡہَا وَلَمۡ یَجِدُوۡا عَنۡہَا مَصۡرِفًا ﴿۵۴﴾

കുറ്റവാളികൾ നരകാഗ്നി കാണും. അപ്പോൾ അവർ അതിൽ വീഴാൻ പോകുകയാണെന്ന് ധരിക്കുന്നതാണ്. അതിൽനിന്ന് മാറി രക്ഷപ്പെടാൻ ഒരിടവും അവർ കണ്ടെത്തുകയില്ല.

(വിശുദ്ധ ഖുർആൻ 18:54)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

### അവകാശം ധ്വംസിക്കുന്നതിന്റെ പാപവും ശിക്ഷയും

(2458) ഹദ്റത്ത് ഉമ്മുസലമ(റ)നിവേദനം: ഒരിക്കൽ നബി(സ)തിരുമേനി തന്റെ വീട്ടുവാതിൽക്കൽ ഒരു വഴക്കുകേട്ടു. അവിടന്ന് അവരുടെ അടുത്തുപോയി. നബി(സ)തിരുമേനി പറഞ്ഞു: ഞാനൊരു മനുഷ്യൻ മാത്രമാണ്. എന്റെയടുത്ത് ചിലപ്പോൾ ആവലാതിക്കാർ വരും. അവരിൽ ചിലർ ചിലരെക്കാൾ വാക്സാമർഥ്യമുള്ളവരായിരിക്കും. അപ്പോൾ അവർ പറഞ്ഞത് സത്യമാണെന്ന് ഞാൻ ധരിച്ചിട്ട് അവർക്കനുകൂലമായി ഞാൻ വിധിക്കും. വാസ്തവത്തിലോ, ഒരു മുസ്ലിമിന്റെ അവകാശം മറ്റുവല്ലവനും വിട്ടു കൊടുത്തുകൊണ്ട് ഞാൻ വിധി കൽപിക്കുവാൻ ഇടവന്നുപോയെങ്കിൽ അത് അഗ്നിയുടെ ഒരു കഷണം മാത്രമാണ്. അതവൻ സ്വീകരിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്തുകൊള്ളട്ടെ.

### കപടവിശ്വാസിയുടെ നാലു ലക്ഷണങ്ങൾ:

(2459) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)നിവേദനം. നിശ്ചയം, നബി(സ)തിരുമേനി പറഞ്ഞു:നാലു ലക്ഷണങ്ങൾ ഒരാളിലുണ്ടെങ്കിൽ അവൻ കറയറ്റ കപടവിശ്വാസിയാണ്. അവയിൽ ഏതെങ്കിലുമൊരു ലക്ഷണം ഒരാളിലുണ്ടെങ്കിൽ അത് ഉപേക്ഷിക്കുംവരെ അവനിൽ കപടവിശ്വാസത്തിന്റെ ഒരു ലക്ഷണമുണ്ടെന്നുംവരും. വിശ്വസിച്ചാൽ ചതിക്കുക, സംസാരിച്ചാൽ കളവു പറയുക, കരാർചെയ്താൽ വഞ്ചിക്കുക. പിണങ്ങിയാൽ തെറി പറയുക.(സ്വഹീഹ് ബുഖാരി, വാള്യം 4, കിതാബുൽമള്വാലിം, പ്രസാധനം 2008 ഖാദിയാൻ)

സത്യമായ ഇസ്ലാം എന്നുപറയുന്നത് പരിശുദ്ധമായ ജീവിതത്തിന്റെ അനന്തരാവകാശിയാകുന്നതിന് അല്ലഹുവിന്റെ വഴിയിൽ തങ്ങളുടെ സർവശക്തികളേയും സകലകഴിവുകളേയും ജീവിതാവസാനംവരെ പൂർണമായും സമർപിക്കുക എന്നതാണ്.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ആരാണ് അല്ലാഹുവിന്റെ ദാസർ?**

അവർ അല്ലാഹു നല്കിയ തങ്ങളുടെ ജീവിതത്തെ അല്ലാഹുവിന്റെതന്നെ വഴിയിൽ സമർപിക്കുന്നവരാണ്. സ്വന്തം ജീവൻ അല്ലാഹുവിന്റെ വഴിയിൽ ബലിയർപിക്കുന്നതും സ്വന്തം സമ്പത്ത് അവന്റെ വഴിയിൽ ചെലവഴിക്കുന്നതും അവന്റെ കൃപയും തങ്ങളുടെ ഭാഗ്യവുമായി അവർ മനസ്സിലാക്കുന്നു. എന്നാൽ, ആരാണോ ലോകത്തിന്റെ സമ്പത്തുകളേയും സ്വത്തുവകകളേയും തങ്ങളുടെ ഉദ്ദേശ്യലക്ഷ്യമാക്കുന്നത് അവർ ഒരു മരവിച്ച ദൃഷ്ടിയാലാണ് ദീനിനെ നോക്കിക്കാണുന്നത്. എന്നാൽ, യഥാർഥ മുഅ്മിനിന്റേയും സത്യസന്ധനായ മുസ്ലിമിന്റേയും പണിയിതല്ല. സത്യമായ ഇസ്ലാം എന്നുപറയുന്നത് പരിശുദ്ധമായ ജീവിതത്തിന്റെ അനന്തരാവകാശിയാകുന്നതിന് അല്ലഹുവിന്റെ വഴിയിൽ തങ്ങളുടെ സർവശക്തികളേയും കഴിവുകളേയും ജീവിതാവസാനംവരെ പൂർണമായും സമർപിക്കുക എന്നതാണ്. അല്ലാഹുവിനുവേണ്ടിയുള്ള പരിപൂർണ സമർപണത്തിലേക്ക് സൂചനനല്കിക്കൊണ്ട് അല്ലാഹുതന്നെ പറയുന്നു:മൻ അസ്ലമ വജ്ഹഹൂ ലില്ലാഹി വഹുവ മുഹ്സിനുൻ ഫലഹൂ അജ്റുഹൂ ഇൻദ റബ്ബിഹീ വലാ ഖൗഫുൻ അലയ്ഹിം വലാഹും യഹ്സനൂൻ (2:113)ഇവിടുത്തെ അർഥം ഇതുതന്നെയാണ്, താനൊന്നുമല്ലെന്ന പൂർണമായ വിചാരത്തിന്റേയും വിനയത്തിന്റേയും വസ്ത്രം അണിഞ്ഞുകൊണ്ട് ദൈവത്വത്തിന്റെ വാതിൽക്കൽ വീഴുകയും തന്റെ ജീവനും ധനവും മാനവും ചുരുക്കത്തിൽ എന്തൊന്നാണോ അവന്റെ കൈയിലുള്ളത് അതെല്ലാം അല്ലാഹുവിനുവേണ്ടി സമർപിക്കുകയും ചെയ്യുക. ദുൻയാവിനേയും അതിലെ സകലവസ്തുക്കളേയും ദീനിന്റെ സേവകരാക്കുക.

**ദുൻയാവ് കരസ്ഥമാക്കുന്നതിന്റെ ഒരേയൊരു ഉദ്ദേശ്യം ദീൻമാത്രമായിരിക്കണം**

മനുഷ്യൻ ദുൻയാവിനോടു എന്തെങ്കിലും ഉദ്ദേശ്യമോ ബന്ധംതന്നെയോ വെക്കരുതെന്ന് ആരും മനസ്സിലാക്കരുത്. ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യമതല്ല. ഭൗതികാനുഗ്രഹം കരസ്ഥമാക്കുന്നതിനെ അല്ലാഹു തടയുന്നതുമില്ല. പ്രത്യുത അല്ലാഹു സംന്യാസമാണ് നിരോധിച്ചത്. ഇത് ഭീരുക്കളുടെ പണിയാണ്. മുഅ്മിനിന്റെ ദുൻയാവിനോടുള്ള ബന്ധങ്ങൾ എത്രകണ്ട് വിശാലമാകുന്നുവോ അത് അവന്റെ ഉന്നതമായ പദവികൾക്ക് നിമിത്തമായിത്തീരുന്നു. കാരണം അവന്റെ ഉന്നതമായദൗത്യം ദീനാകുന്നു. അവന്റെ ദുൻയാവും ധനവും സ്വത്തുവകകളുമെല്ലാം ദീനിന്റെ സേവകനായിരിക്കും. അതുകൊണ്ട് ലോകമായിരിക്കരുത് യഥാർഥമായ ലക്ഷ്യം. പ്രത്യുത ലോകം നേടുന്നതിൽ യഥാർഥ ഉദ്ദേശ്യം ദീനായിരിക്കേണ്ടതാണ്. ദുൻയാവ് സമ്പാദിക്കേണ്ടത്, അത് ദീനിന്റെ സേവകനാകുന്ന നിലയിലായിരിക്കണം. മനുഷ്യൻ ഏതെങ്കിലും സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്ത് പോകുന്നതിന് യാത്രയ്ക്കുള്ള വാഹനവും പാഥേയവും കൂടെ കൊണ്ടുപോകുന്നു. അപ്പോൾ അവന്റെ യഥാർഥ ലക്ഷ്യം ഉദ്ദിഷ്ടസ്ഥാനത്ത് എത്തുക എന്നതാണ്. അല്ലാതെ വാഹനമോ വഴിയിലെ ആവശ്യങ്ങളോ ഒന്നുമല്ല. ഇപ്രകാരം മനുഷ്യൻ ലോകം കരസ്ഥമാക്കുക; എന്നാൽ, ദീനിന്റെ സേവകനെന്ന് മനസ്സിലാക്കി!(മൽഫൂദാത്ത് വാള്യം 1, പേജ് 494, പ്രസാധനം 2018 ഖാദിയാൻ)

**ക്രൈസ്തവ ജനതകളുടെ അഭിവൃദ്ധിയുടെ കാലഘട്ടത്തിൽ ഇസ്ലാമിൽ നിലകൊള്ളുന്ന ഒരു ജമാഅത്തുണ്ടാകും. അവരോടൊപ്പം ചേരാൻ ആളുകൾക്ക് കല്പന നല്കപ്പെട്ടിരിക്കുകയാണ്. ഈ ആയത്തിന്റെ സംബോധിതർ തീർച്ചയായും അക്കാല ഘട്ടത്തിൽ ഇസ്ലാമിന്റെ അഭിവൃദ്ധിയെ രാഷ്ട്രീയപരമായ കാരണങ്ങളോടുകൂടി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പറയുന്ന മുസ്ലിമീങ്ങളാണ്. അല്ലാഹു പറയുന്നു, ഈ തെറ്റിൽ അകപ്പെടരുത്, പ്രത്യുത രാവിലേയും വൈകുന്നേരവും നമസ്കാരങ്ങളിൽ ദുആകൾ ചെയ്തുകൊണ്ടിരിക്കുകയും അല്ലാഹുവിന്റെ കൃപയെ ദുആകൾമുഖേന ചലപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ആളുകളോടൊപ്പം ചേരുക.**

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)സൂറ കഹ്ഫിലെ 29-ാം വചനമായ വസ്ബിർ നഫ്സക്ക മഅല്ലദീന യദ്ഊന റബ്ബഹും ബിൽഗദാത്തി വൽ അശിയ്യി യുരീദൂന വജ്ഹഹൂ വലാ തഅ്ദു അയ്നാക്ക അൻഹും തുരീദു സീനത്തൽ ഹയാത്തിദ്ദുൻയാ വലാ തുത്വിഅ് മൻ അഗ്ഫൽനാ ഖൽബഹു അൻദിക്രിനാ വത്തബഅ ഹവാഹു വ കാന അംറുഹൂ ഫുറുത്വാ (തങ്ങളുടെ നാഥന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് പ്രഭാതത്തിലും പ്രദോഷത്തിലും അവനോടു പ്രാർഥിക്കുന്നവരോടൊപ്പം നീ സ്വയം ബന്ധിച്ചു നിറുത്തുക. ഭൗതിക ജീവിതത്തിന്റെ അലങ്കാരം ഉദ്ദേശിച്ചുകൊണ്ട് നിന്റെ കണ്ണുകൾ അവരിൽനിന്ന് അകന്നുപോകാതിരിക്കട്ടെ. നമ്മുടെ സ്മരണയിൽനിന്ന് നാം ആരുടെ ഹൃദയത്തെ അശ്രദ്ധമാക്കുകയും തന്റെ ദേഹേച്ഛയെ ആര് പിന്തുടരുകയും

(ശേഷം പേജ് 12ൽ)

## ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 2023 സെപ്റ്റംബർ22 (സമ്പൂർണ തർജമ)

മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ അയർലന്റ് പര്യടനം

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

- നബി(സ)തിരുമേനി ഏതൊരു സംഭവങ്ങളുടെ പ്രവചനമാണോ ചെയ്തത് അവയിലൊന്ന് നിർമലവും സ്പഷ്ടവും വളരെ ഭീമാകാരവുമായ റോമക്കാരുടെ വിജയത്തെ കുറിച്ചുള്ള പ്രവചനമായിരുന്നു.
- ബദ്ർ യുദ്ധത്തോടൊപ്പം റോമൻ സാമ്രാജ്യത്തിന്റെ വിജയത്തിനും ഒരു ബന്ധമുണ്ട്
- ഈ ആയത്തിറങ്ങിയപ്പോൾ മക്കയിലെ ബഹുദൈവാരാധകർ റോമക്കാർക്കുമേൽ പേർഷ്യക്കാരുടെ വിജയമാണ് ആഗ്രഹിച്ചത്. കാരണം ഇവരും അവരും വിഗ്രഹാരാധകരായിരുന്നു. മുസ്‌ലിമീങ്ങളാകട്ടെ പേർഷ്യക്കാർക്കുമേൽ റോമാക്കാരുടെ വിജയമാണ് ആഗ്രഹിച്ചത്. കാരണം അവർ അഹ്‌ലെ കിതാബ് അഥവാ ഗ്രന്ഥനുസരികളായിരുന്നു.
- അറേബ്യയിലുള്ള നിരക്ഷരനായ പ്രവാചകന്റെ വാക്കുകൾ അക്ഷരംപ്രതി പുലർന്നു. മുസ്‌ലിമീങ്ങൾ ബദ്ർ രണാങ്കണത്തിൽ ഖുറയ്ശികളെ പരാജയപ്പെടുത്തിയ അതേ സമയത്തുതന്നെയാണ് റോമക്കാർ ഇറാനികൾക്കുമേലും വിജയം വരിച്ചത്. അവർ കൈവശപ്പെടുത്തിയിരുന്ന ഓരോരോകിഴക്കൻ പ്രദേശവും തിരിച്ചുപിടിച്ചു. ഇറാനികളെ ബോസ്ഫോറസ്, നൈൽ തീരങ്ങളിൽനിന്ന് നീക്കി ദജ്‌ല, യൂഫ്രട്ടീസ് തീരങ്ങളിലേക്ക് തള്ളിമാറ്റി.
- ഈ കാലഘട്ടത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആനിന്റെ പ്രവചനങ്ങളും നോക്കേണ്ടതാണ്. മാതാപിതാക്കൾ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും തങ്ങളുടെ മക്കൾക്ക് ഇത്തരം പ്രവചനങ്ങൾ കാണിച്ചുകൊടുക്കുകയും ചെയ്തുകൊണ്ട് അതെങ്ങനെയാണ് ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തിന് തെളിവാകുന്നതെന്ന് പറഞ്ഞുകൊടുക്കുക. ഇസ്‌ലാമിന്റെ സത്യത്തിന് ആയിരക്കണക്കിന് തെളിവുകളുണ്ട്. ചുരുക്കത്തിൽ മാതാപിതാക്കളും കുട്ടികളും തങ്ങളുടെ അറിവ് വർധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.
- ഈ പ്രവചനത്തിന്റെ പ്രത്യേകതയെന്തെന്നാൽ, റോമക്കാരുടെ പരാജയത്തിന്റെ ആരംഭം മുതൽ അവരുടെ വിജയത്തിന്റെ ആരംഭം വരെയുള്ള കാലഘട്ടം 9 വർഷമാണെന്ന് കാണാം. ഇനി പരാജയത്തിന്റെ അവസാനം മുതൽ വിജയാരംഭം വരെയുള്ള കാലഘട്ടമാണെങ്കിലും 9 വർഷം തന്നെയാണുള്ളത്.
- ബദ്ർയുദ്ധവും റോമക്കാരെക്കുറിച്ചുള്ള വിജയപ്രവചനത്തിന്റെ പരസ്പര ബന്ധവും സൂറ റൂമിൽ വിവരിച്ചിട്ടുള്ള മഹത്തായ പ്രവചനത്തെ സംബന്ധിച്ചുള്ള ഈമാൻ വർധക വിശദീകരണവും.
- യു.കെ.യിലെ ഫറാസ് അലി അബ്ദുൽവാഹിദ് സാഹിബിനെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2023 സെപ്റ്റംബർ 22/1402 തബൂക്ക് 22**
**മസ്ജിദ് മുബാറക്ക്, ഇസ്‌ലാമാബാദ്,യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കുറച്ചുകാലം മുമ്പേ ബദ്ർയുദ്ധത്തിലെ നബി(സ)തിരുമേനിയുമായി ബന്ധപ്പെട്ട സംഭവങ്ങൾ വിവരിക്കപ്പെട്ടിരുന്നു. ഇന്നും ബദ്ർയുദ്ധവുമായി ബന്ധപ്പെട്ട ചില കാര്യങ്ങളും സംഭവങ്ങളും വിവരിക്കുന്നതാണ്. ഈ സംഭവങ്ങൾ ചരിത്രത്തിൽ രേഖപ്പെട്ടുകിടക്കുന്നതാണ്. അവയെക്കുറിച്ച് അറിയേണ്ടത് അത്യാവശ്യവുമാണ്. മുൻ ഖുത്ബകളിൽ പറഞ്ഞതുപോലെ നബി(സ)തിരുമേനി ബദ്ർ മൈതാനത്ത് മൂന്നുദിവസം തങ്ങിയിരുന്നു.

മൂന്നാം ദിവസം നബി(സ)തിരുമേനി യാത്രാമൃഗങ്ങളുടെ പുറത്തിടുന്ന ഇരിപ്പിടം കെട്ടാൻ പറഞ്ഞു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയെയും ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെയും ബദ്ർ മൈതാനത്തുനിന്നുതന്നെ ബദ്ർ വിജയത്തിന്റെ സന്തോഷവാർത്ത അറിയിക്കാൻ മദീനയിലേക്ക് അയച്ചിരുന്നു. പിന്നെ നബി(സ)തിരുമേനി മദീനയിലേക്കുള്ള മടക്കയാത്ര ആരംഭിച്ചു. ഈ വിജയസംഘത്തിനൊപ്പം മക്കയിലെ ഖുറയ്ശികളിൽപ്പെട്ട എഴുപതു യുദ്ധത്തടവുകാരുമുണ്ടായിരുന്നു. (അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 420, 425, 426, ബാബു ഗസ്‌വത്തു ബദ്റുൽകുബ്റാ, ദാറുൽമഅ്രിഫ,ബെയ്റുത്ത്)(സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി, ഹദീഥ് 3986)

ഇവരിൽപ്പെട്ട രണ്ടുപേരെ അവരുടെ ഗുരുതരമായ കുറ്റകൃത്യങ്ങൾ കാരണം അക്കാലത്തെ രീതിയനുസരിച്ച് വഴിയിൽവച്ചുതന്നെ വധിച്ചിരുന്നു. അതിലൊരാൾ നള്ർ ബിൻ ഹാരിഥും രണ്ടാമത്തെ വ്യക്തി ഉഖ്ബ ബിൻ അബീമുയീത്വുമായിരുന്നു. പക്ഷേ, ഇക്കാര്യത്തിൽ എല്ലാ ചരിത്രകാരന്മാർക്കും യോജിപ്പില്ല.

അല്ലാമാ ഇബ്നു ഇസ്ഹാഖ് പറയുന്നു: 'ബദ്റിൽ നിന്നുള്ള മടക്കയാത്രയിൽ നബി(സ)തിരുമേനി സ്വഫ്റാഅ് എന്ന സ്ഥലത്തെത്തിയപ്പോൾ നള്ർ ബിൻ ഹാരിഥ് വധിക്കപ്പെട്ടു. ഹദ്റത്ത് അലിയാണ് ഇയാളെ വധിച്ചത്.'(അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നിഹിശാം, പേജ് 438, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)

സീറത്ത് ഹൽബിയയിൽ പറയുന്നു: നള്ർ ബന്ദിയായിരുന്നപ്പോൾ അയാൾ തന്റെ സുഹൃത്തിനോടു പറഞ്ഞു: അല്ലാഹുവാണ! മുഹമ്മദ് എന്നെ വധിക്കുന്നതാണ്. കാരണം, അയാളെന്നെ നോക്കിയതു കണ്ടപ്പോൾ എനിക്ക് അതിൽ മരണമാണ് കാണാൻ കഴിഞ്ഞത്. അപ്പോൾ സുഹൃത്ത് നള്റിനോട് പറഞ്ഞു: അല്ലാഹുവാണ! അത് ആദരയുക്തമായ ഭയം കാരണമാണ്. നബി(സ) തിരുമേനി യുടെ ആദരയുക്തമായ പ്രൗഢി നിന്നെ ഭയപ്പെടുത്തുന്നതുകൊണ്ട് നിനക്ക് അങ്ങനെ തോന്നിയതാണ്. അപ്പോൾ മുസ്അബ് ബിൻ ഉമയ്റിനോട് നള്ർ പറഞ്ഞു: മുസ്അബേ! നീ ഇയാളെ അപേക്ഷിച്ച് ഞാനുമായി അടുത്ത രക്തബന്ധമുള്ളവനാണ്. അതുകൊണ്ട് നീ നിന്റെ സുഹൃത്തിനോട് എന്നെയും ബന്ദികളിൽ ഒരാളാക്കാൻ പറയണം. അല്ലാഹുവാണ! അയാളെന്നെ വധിക്കുന്നതാണ്. അപ്പോൾ മുസ്അബ്(റ)പറഞ്ഞു: നീ അല്ലാഹുവിന്റെ ഗ്രന്ഥത്തെ കുറിച്ച് ഇന്നയിന്ന കാര്യങ്ങൾ പറഞ്ഞിട്ടുണ്ടായിരുന്നു. നീ നബി(സ)തിരുമേനിയെ സംബന്ധിച്ച് അതേപോലെതന്നെ ഇന്നയിന്ന കാര്യങ്ങൾ പറഞ്ഞിരുന്നു. നീ നബി(സ)തിരുമേനിയുടെ സ്വഹാബാക്കളെ ഉപദ്രവിക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 429-430, ബാബു ഗസ്‌വത്തു ബദ്റുൽകുബ്റാ, ദാറുൽമഅ്രിഫ, ബെയ്റുത്ത്) ഈ പഴയ കാര്യങ്ങളെല്ലാം നിന്നോടൊപ്പമുണ്ട്. അതുകൊണ്ട് നീ വധിക്കപ്പെടുകയാണെങ്കിൽ ഒരുപക്ഷേ, ഈ കുറ്റങ്ങൾ കൊണ്ടായിരിക്കും.

ഒരു നിവേദനത്തിൽ പറയുന്നു: നള്ർ ബിൻ ഹാരിഥിന്റെ സഹോദരി ഖത്തീല ബിൻത് ഹാരിഥ് തന്റെ സഹോദരന്റെ മരണത്തിൽ കുറച്ചു കവിതകൾ ചൊല്ലുകയുണ്ടായി. ചിലരുടെ വീക്ഷണത്തിൽ അയാളുടെ മകളാണ് കവിത ചൊല്ലിയതെന്നും പിന്നീട് അവർ ഇസ്‌ലാം സ്വീകരിച്ചുവെന്നും പറയുന്നു. നബി(സ)തിരുമേനിക്ക് ഈ ഈരടികളെക്കുറിച്ച് അറിവ് ലഭിച്ചപ്പോൾ അവിടന്ന് വളരെയേറെ കരഞ്ഞു. എത്രത്തോളമെന്നാൽ നബി(സ)തിരുമേനിയുടെ താടിപോലും കണ്ണീരിൽ നനഞ്ഞുപോയി. തുടർന്ന് നബി(സ)തിരുമേനി പറഞ്ഞു: ഈ ഈരടികൾ നള്ർ ബിൻ ഹാരിഥിന്റെ വധത്തിനുമുമ്പേ ഞാൻ കേട്ടിരുന്നെങ്കിൽ അയാൾക്ക് ഔദാര്യപൂർവ്വം മാപ്പ് കൊടുക്കുമായിരുന്നു.(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 430, ബാബു ഗസ്‌വത്തു ബദ്റുൽകുബ്റാ, ദാറുൽമഅ്രിഫ, ബെയ്റുത്ത്)(അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നിഹിശാം, പേജ് 510-511, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2001)

പക്ഷേ, മറ്റു ചില ചരിത്രകാരന്മാർ ഈ കവിതയെയും നബി(സ)തിരുമേനിയുടെ കരച്ചിലിനെയും കുറിച്ചുള്ള നിവേദനങ്ങൾ നിഷേധിക്കുന്നു. ചിലയാളുകൾ ഈ സംഭവംതന്നെ നിരാകരിക്കുന്നുണ്ട്. ഏതായാലും അല്ലാഹുവിനു മാത്രമേ നിജസ്ഥിതി നല്ലവണ്ണം അറിയുകയുള്ളൂ. ഇതു നബി(സ)തിരുമേനിയുടെ ആർദ്രമായ ഹൃദായാവസ്ഥകൊണ്ടാണുണ്ടായതെങ്കിൽ ഈ സംഭവമൊരിക്കലുംതന്നെ അസ്ഥാനത്തല്ല. നബി(സ)തിരുമേനി വളരെയേറെ ഹൃദയാർദ്രതയുള്ള ആളായിരുന്നു. കാരുണ്യം നബി (സ)തിരുമേനിയുടെ ഹൃദയത്തിലുണ്ടായിരുന്നു. നള്ർ ബിൻ ഹാരിഥിനെ കുറിച്ച്

വന്നിട്ടുള്ള മറ്റൊരു നിവേദനം ഇപ്രകാരമാണ്: ഞാൻ പറഞ്ഞതുപോലെ അയാൾ കൊല്ലപ്പെട്ടിട്ടുണ്ടായിരുന്നില്ല. മറിച്ച് ജീവിച്ചിരിക്കുകയും ഹുനയ്ൻ യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ കൂടെ പങ്കെടുക്കുകയും ചെയ്തിരുന്നു. നബി(സ) തിരുമേനി അയാളുടെ സന്തോഷത്തിനു നൂറു ഒട്ടകങ്ങൾ നൽകിയിരുന്നു.(ശറഹ് അസ്സുർഖാനീ അലൽ മവാഹിബുല്ലദുന്നിയ്യ വാല്യം 1, പേജ് 482, ദാറുൽകുതുബുൽഇൽമിയ്യ).

ചരിത്രത്തിൽ പറയുന്നു: ബദ്ർയുദ്ധമൈതാനത്തുനിന്ന് മടങ്ങി വരുമ്പോൾ കൊല്ലപ്പെട്ട രണ്ടാമത്തെയാൾ ഉഖ്ബ ബിൻ അബീ മുയീത്വായിരുന്നു. അയാളെ മദീനയുടെ വഴിയിൽ അർഖ്ളുബിയ എന്ന സ്ഥലത്തുവച്ച് വധിക്കുകയുണ്ടായി. ഹദ്റത്ത് ആസിം ബിൻ ഥാബിത്ത് അൻസ്വാരിയാണ് ഉഖ്ബയെ വധിച്ചത്. മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് അലിയാണ് വധിച്ചതെന്നും പറയുന്നുണ്ട്. (അസ്സീറത്തുന്നബ്വിയ്യ ലിഇബ്നിഹിശാം, പേജ് 438-439, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2001)

ഒരു ഗ്രന്ഥകാരൻ എഴുതുന്നു: നള്ർ ബിൻ ഹാരിഥും ഉഖ്ബ ബിൻ അബീ മുയീത്വും ഇസ്‌ലാമിന്നെതിരിൽ യുദ്ധാഗ്നി ആളിക്കത്തിച്ചവരായിരുന്നു. മുസ്‌ലിമീങ്ങൾക്കുമേൽ പ്രയാസങ്ങളുടെ പർവ്വതങ്ങൾതന്നെ ഉണ്ടാക്കുന്നതിൽ ഇവരായിരുന്നു മുൻപന്തിയിൽ!(അല്ലുഅ്‌ലുഉൽമക്നൂൻ, സീറത്ത് എൻസൈക്ലോപീഡിയ, വാല്യം 5, പേജ് 490-491 മക്തബ ദാറുസ്സലാം). അതുകൊണ്ടാണ് അവർക്ക് ഈ ശിക്ഷ ലഭിച്ചത്.

എന്തായാലും ഈ കൊല്ലപ്പെട്ട രണ്ടുപേരെയും കുറിച്ച്, ഈ രണ്ടു ബന്ദികളെയും വഴിയിൽവച്ച് വധിച്ചിരുന്നോ എന്ന് ഖണ്ഡിതമായി പറയാൻ സാധ്യമല്ല. കാരണം ചില നിവേദനങ്ങളിൽ വളരെ വ്യക്തമായും പറയുന്നു, ഉഖ്ബ ബിൻ അബീ മുയീത് ബദ്ർ മൈതാനത്തുവച്ചുതന്നെ കൊല്ലപ്പെടുകയാണുണ്ടായതെന്ന്. അതെസമയം നള്ർ ബിൻ ഹാരിഥിനെ സംബന്ധിച്ച് അയാൾ കൊല്ലപ്പെട്ടെന്നും ഇല്ലെന്നും നിവേദനങ്ങളുണ്ട്. മാത്രമല്ല പിന്നീട് ജീവിച്ചിരുന്നുവെന്നും ഹുനയ്ൻ യുദ്ധാവസരത്തിൽ ഇസ്‌ലാം സ്വീകരിച്ചുവെന്നും പറയപ്പെടുന്നു. പക്ഷേ, ഈ നിവേദനങ്ങൾ താരതമ്യേന ദുർബലമാണെന്ന് കരുതപ്പെടുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീനിൽ ബദ്ർ യുദ്ധത്തിലെ ബന്ദികളിൽ വധിക്കപ്പെട്ട ഈ രണ്ടുപേരെ കുറിച്ചും പരാമർശിക്കുന്നതിങ്ങനെയാണ്: ചില ചരിത്രകാരന്മാർ ബന്ദികളാക്കപ്പെട്ട നേതാക്കന്മാരിൽ ഉഖ്ബ ബിൻ അബീ മുയീത്വിന്റെ പേരും പറയുന്നുണ്ട്. അയാൾ പിന്നീട് നബി(സ)തിരുമേനിയുടെ കീഴിൽ ബന്ദിയായ അവസ്ഥയിൽത്തന്നെ കൊല്ലപ്പെട്ടിരുന്നുവത്രെ. പക്ഷേ, ഇതു ശരിയല്ല. ഹദീഥിലും ചരിത്രത്തിലും വളരെ വ്യക്തമായ നിവേദനങ്ങളിൽ ഉഖ്ബ ബിൻ അബീ മുയീത് യുദ്ധമൈതാനത്തുതന്നെ കൊല്ലപ്പെട്ടിരുന്നുവെന്ന് പറയപ്പെടുന്നു. യുദ്ധത്തിനിടയിൽത്തന്നെയാണ് ഇതു സംഭവിച്ചത്. ബന്ദിയാക്കപ്പെട്ടിരുന്നില്ല. ഒരേ കുഴിയിൽ അടക്കപ്പെട്ട മക്കാ മൂപ്പന്മാരുടെ മൃതദേഹങ്ങളിൽ ഇയാളുമുണ്ടായിരുന്നു. എന്നാൽ, നള്ർ ബിൻ ഹാരിഥ് ബന്ദിയായ അവസ്ഥയിൽ വധിക്കപ്പെട്ടുവെന്ന് ഭൂരിഭാഗം നിവേദനങ്ങളിൽ നിന്ന് വ്യക്തമാണ്. അയാൾ കൊല്ലപ്പെടാനുള്ള കാരണമായി പറയുന്നത്, നിർദോഷികളായ മുസ്‌ലിമീങ്ങളെ കൊല്ലുന്നതിൽ അയാൾ നേരിട്ട് ഉത്തരവാദിയായിരുന്നുവെന്നതാണ്. അതായത് മക്കയിൽ നിഷേധികളുടെ കൈകളാൽ കൊല്ലപ്പെട്ട ആളുകൾ. മറ്റൊരു സംഗതി നബി(സ)തിരുമേനിയുടെ വളർത്തുപുത്രൻ ഹാരിഥ് ബിൻ അബീ ഹാല ഇസ്‌ലാമിന്റെ പ്രാരംഭഘട്ടത്തിൽ വളരെ മൃഗീയമായി നബി(സ)തിരുമേനിയുടെ കൺമുമ്പിൽ വധിക്കപ്പെട്ടിരുന്നു. ഇദ്ദേഹത്തെ വധിച്ചതിലും നള്ർ ബിൻ ഹാരിഥിന് പങ്കുണ്ടായിരുന്നു. പക്ഷേ, ഒരു കാര്യം ഉറപ്പാണ്, നള്ർ അല്ലാതെ മറ്റൊരു ബന്ദിയും വധിക്കപ്പെട്ടിട്ടില്ല. കേവലം ഇസ്‌ലാമിനോടുള്ള ശത്രുതയോ ഇസ്‌ലാമിന്നെതിരിൽ യുദ്ധത്തിൽ പങ്കെടുത്തതോ കാരണം ബന്ദികളെ വധിക്കുന്ന സമ്പ്രദായം ഇസ്‌ലാമിലില്ലായിരുന്നു. മാത്രമല്ല ഇതിനെക്കുറിച്ച് വ്യക്തമായ കൽപനയും വിശുദ്ധ ഖുർആനിൽ പിന്നീട് ഇറങ്ങിയിട്ടുണ്ട്. ഒരു കാര്യം ഓർക്കേണ്ടതെന്തെന്നാൽ, നിരവധി നിവേദനങ്ങളിൽ നള്ർ ബിൻ ഹാരിഥ് വധിക്കപ്പെട്ടതായി പരാമർശമുണ്ട്. എന്നാൽ, അയാൾ വധിക്കപ്പെട്ടില്ലെന്നും ബദ്ർ യുദ്ധത്തിനുശേഷവും നീണ്ടകാലം ജീവിച്ചിരുന്നുവെന്നും അവസാനം ഹുനയ്ൻ യുദ്ധാവസരത്തിൽ മുസ്‌ലിമായി നബി(സ)തിരുമേനിയുടെ അനുചരവൃത്തത്തിൽ വന്നുവെന്നും ചില നിവേദനങ്ങളിൽ കാണപ്പെടുന്നു. പക്ഷേ, ആദ്യം പറഞ്ഞ നിവേദനങ്ങളുടെ മുന്നിൽ ഇത്തരം നിവേദനങ്ങൾ താരതമ്യേന ദുർബലമായിട്ടാണ് ഗണിക്കപ്പെടുന്നത് വല്ലാഹു അഅ്‌ലം.

ഏതായിരുന്നാലും ബന്ദികളിലാരെങ്കിലും കൊല്ലപ്പെട്ടിരുന്നുവെങ്കിൽ അത് നള്ർ ബിൻ ഹാരിഥ് മാത്രമായിരുന്നു. അത് പ്രതിക്രിയ എന്ന നിലയിലാണ് കൊല്ലപ്പെട്ടത്. ഇതിനെക്കുറിച്ച് നിവേദനങ്ങളിൽ പറയുന്നുണ്ട്. അയാൾ വധിക്കപ്പെട്ടതിനുശേഷം അയാളുടെ സഹോദരി ദയയുണ്ടാകണമെന്ന് അഭ്യർഥിച്ചുകൊണ്ട് ചൊല്ലിയ വേദനാനിർഭരമായ കവിതയെ കുറിച്ച് നബി(സ)തിരുമേനി പറഞ്ഞു: ഈ വരികൾ നേരത്തെ എന്റെ പക്കലെത്തിയിരുന്നുവെങ്കിൽ ഞാൻ നള്റിന് മാപ്പു കൊടുക്കുമായിരുന്നു. ചുരുക്കത്തിൽ നള്ർ അല്ലാതെ മറ്റൊരു ബന്ദിയും വധിക്കപ്പെട്ടിട്ടില്ല.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർഅഹ്മദ് സാഹിബ്(റ)എം.എ. പേജ് 366-367). ഇതാണ് ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ് ചരിത്ര ഗ്രന്ഥങ്ങളിൽ നിന്നെടുത്ത സംക്ഷേപം.

ബദ്ർ യുദ്ധത്തിൽ മുശ്‌രിക്കീങ്ങളുടെ വലിയ വലിയ നേതാക്കന്മാരടക്കം എഴുപതു അവിശ്വാസികൾ മുസ്‌ലിമീങ്ങളുടെ കൈകളാൽ കൊല്ലപ്പെട്ടിരുന്നു. എഴുപതുപേരെ മുസ്‌ലിമീങ്ങൾ ബന്ദികളാക്കുകയും ചെയ്തു. ബന്ദികളുടെ എണ്ണത്തെ കുറിച്ച് 49 എന്നും 74 എന്നും വ്യത്യസ്ത നിവേദനങ്ങളുണ്ട്. എന്നാൽ, അറിയപ്പെടുന്ന ശരിയായ നിവേദനങ്ങളനുസരിച്ച് എഴുപത് അവിശ്വാസികളാണ് തടവിലാക്കപ്പെട്ടത്. (ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ)വാല്യം 6, പേജ് 245, ദാറുൽമആരിഫ് ലാഹോർ)

വിവിധ ചരിത്ര ഗ്രന്ഥങ്ങളിലും എഴുപതുതന്നെയാണ് എഴുതിയിട്ടുള്ളത്. സ്വഹീഹ് ബുഖാരിയിലെ ഒരു നിവേദനത്തിൽ പറയുന്നു: ബദ്ർ ദിവസം നബി(സ)തിരുമേനിയും സ്വഹാബാക്കളും മുശ് രിക്കീങ്ങളുടെ നൂറ്റിനാൽപതു പേർക്ക് നഷ്ടം വരുത്തുകയുണ്ടായി. അതായത് എഴുപത് പേർ ബന്ദികളും എഴുപതുപേർ വധിക്കപ്പെടുകയും ചെയ്തു.(സ്വീഹുൽബുഖാരി, കിതാബുൽ മഗാസി ഹദീഥ് 3986)

അന്യാരാധകരായ ബന്ദികൾ അതായത് ബദ്ർ യുദ്ധത്തിനുശേഷം ഇസ്‌ലാം സ്വീകരിച്ചവരെ കുറിച്ച് എഴുതിയിരിക്കുന്നു: സ്വഹാബാക്കൾ നബി(സ)തിരുമേനിയുടെ കൽപന പ്രകാരം ബദ്റിലെ ബന്ദികളോട് വളരെ നല്ല രീതിയിലാണ് പെരുമാറിയിരുന്നത്. ഈ ബന്ദികൾ ഇസ്‌ലാമിന്റെ അധ്യാപനത്തിലും സ്വഹാബാക്കളുടെ ഉന്നത സ്വഭാവത്തിലും ആകൃഷ്ടരായി. മുസ്‌ലിമീങ്ങളാകാൻ സൗഭാഗ്യം ലഭിച്ചവരുമു ണ്ട്. ഇവരിൽ ചിലരുടെ പേരുകൾ ഇപ്രകാരമാകുന്നു. അബ്ബാസ് ബിൻ അബ്ദുൽ മുത്ത്വലിബ്, അഖീൽ ബിൻ അബൂത്വാലിബ്, നൗഫൽ ബിൻ ഹാരിഥ്, അബുൽ ആസ് ബിൻ റബീഅ്, അബൂ അസീസ്, ഇദ്ദേഹത്തിൻന്റെ പേര് സുറാറഹ് ബിൻ ഉമയ്ർ അബ്ദരി എന്നായിരുന്നു, സാഇബ് ബിൻ അബൂ ഹുബയ്ശ്, ഖാലിദ് ബിൻ ഹിശാം മഖ്സൂമി, അബ്ദുല്ലാഹ് ബിൻ അബൂ സാഇബ്, മുത്ത്വലിബ് ബിൻ ഖൻത്വബ് അബൂ വദാഅ സഹ്മി, അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ ഖലഫ് ജുമഹ്ഹി, വഹബ് ബിൻ ഉമയ്ർ ജുമഹ്ഹി, സുഹയ്ൽ ബിൻ അംറ് ആമിരീ, അബ്ദുല്ലാഹ് ബിൻ സംഅ (ഇദ്ദേഹം ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് സൗദ ബിൻത് സംഅയുടെ സഹോദരനായിരുന്നു), ഖയ്സ് ബിൻ സാഇബും ഉമയ്യ ബിൻ ഖലഫിന്റെ അടിമയായിരുന്ന നിസ്ത്വാസും, സാഇബ് ബിൻ ഉബയ്ദ്. ഇവരെല്ലാവരും ബദ്ർ ദിവസം തന്നെ തങ്ങളുടെ ഫിദ്‌യാ നൽകി ഇസ്‌ലാം സ്വീകരിച്ചവരായിരുന്നു. (സുബുലുൽഹുദാ വർറശാദ് ഫീ സീറത്തി ഖയ്റുൽഇബാദി, വാല്യം 4, പേജ് 78-79, ദാറുൽ കുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)

ബദ്ർ യുദ്ധത്തോടൊപ്പം റോമൻ സാമ്രാജ്യത്തിന്റെ വിജയത്തിനും ഒരു ബന്ധമുണ്ട്.

റോമൻ സാമ്രാജ്യത്തിന്റെ വിജയത്തെ കുറിച്ച് നബി(സ)തിരുമേനിയുടെ പ്രവചനമുണ്ടായിരുന്നു. ഇതിന്റെ ബന്ധം ഞാൻ പറഞ്ഞതുപോലെ ബദ്ർ യുദ്ധവുമായിട്ടുമുണ്ട്. ഇവിടെ അതെ കുറിച്ചുള്ള വിവരണവും ഉചിതമാണെന്ന് കരുതുന്നു. നുബുവ്വത്തിന്റെ അഞ്ചാം വർഷം □സൂറ റൂം□ അവതരിച്ചു. അതിൽ റോമൻ സാമ്രാജ്യത്തിന്റെ വിജയത്തെ കുറിച്ച് പ്രവചനമുണ്ടായിരുന്നു.(ദലാഇലുന്നുബുവ്വ ലിൽബയ്ഹഖീ വാല്യം 7, പേജ് 143.........ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1988)(സീറത്തുന്നബി(സ), അല്ലാമ ശിബ്‌ലി നുഅ്മാനീ, വാല്യം 2, ഭാഗം 3, പേജ് 315, അദാരയെ ഇസ്‌ലാമിയാത്ത്, സെപ്റ്റംബർ 2002)

അതിന്റെ വിശദീകരണം ഞാൻ പിന്നീടു പറയാം. അല്ലാഹു സൂറത്ത് റൂമിലെ ആദ്യ വചനങ്ങൾ അവതരിപ്പിച്ചപ്പോൾ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് (റ) മക്കയുടെ പ്രാന്തപ്രദേശങ്ങളിൽ ഈ ആയത്തുകൾ പാരായണം ചെയ്തുകൊണ്ട് ഇങ്ങനെ വിളംബരം ചെയ്യാൻ തുടങ്ങി: അലിഫ് ലാം മീം. ഗുലിബത്തിർറൂം ഫീ അദ്നൽ അർളി വഹും മ്മിൻബഅ്ദി ഗലബിഹിം സയഗ്‌ലിബൂൻ ഫീ ബിള്‌യി സിനീന (30:2-3) അതായത് റോമക്കാർ പരാജയപ്പെട്ടിരിക്കുന്നു. ഏറ്റവും അടുത്തു കിടക്കുന്ന ഒരു ദേശത്തുവച്ച്. അവരുടെ പരാജയത്തിനുശേഷം താമസിയാതെ അവർ വിജയിക്കുന്നതാണ്. മൂന്നുമുതൽ ഒമ്പതു വർഷത്തിനുള്ളിൽ!

ഈ ആയത്തിറങ്ങിയത് മക്കയിലായിരുന്നു. മക്കയിലെ ബഹുദൈവാരാധകർ റോമക്കാർക്കുമേൽ പേർഷ്യക്കാരുടെ വിജയമാണാഗ്രഹിച്ചത്. കാരണം ഇവരും അവരും വിഗ്രഹാരാധകരായിരുന്നു. പേർഷ്യക്കാർ അതായത് ഇറാനികൾ വിഗ്രഹാരാധകരും അഗ്നിപൂജകരുമായിരുന്നു. മക്കക്കാരും ബിംബാരാധകരായിരുന്നു. അവർ പേർഷ്യക്കാർ വിജയിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. മുസ്‌ലിമീങ്ങളാ കട്ടെ പേർഷ്യക്കാർക്കുമേൽ റോമാക്കാരുടെ വിജയമാണ് ആഗ്രഹിച്ചത്. കാരണം അവർ അഹ്‌ലെ കിതാബ് അഥവാ ഗ്രന്ഥനുസരികളായിരുന്നു.

അവർ അതിനെക്കുറിച്ച് ഹദ്റത്ത് അബൂബക്റിനോട് പറയുകയുണ്ടായി. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ), നബി(സ)തിരുമേനിയോടു അതിനെക്കുറിച്ച് പറഞ്ഞു. അതുകേട്ടപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: അവർ അതായത് റോമക്കാർ വിജയിക്കുകതന്നെ ചെയ്യും. ഹദ്റത്ത് അബൂബക്ർ(റ) ഈ കാര്യം ബഹുദൈവാരാധകരോടു

പറഞ്ഞപ്പോൾ അവർ പറഞ്ഞു: ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ കാലാവധി നിശ്ചയിക്കാം. അതായത് പന്തയം വെക്കാം. ഞങ്ങളാണ് വിജയിക്കുന്നതെങ്കിൽ ഇന്നയിന്ന കാര്യങ്ങളെല്ലാം ഞങ്ങൾക്കുള്ളതായിരിക്കും. ഇനി നിങ്ങളാണ് വിജയിക്കുന്നതെങ്കിൽ ഇന്നയിന്ന കാര്യങ്ങൾ നിങ്ങൾക്കുമുള്ളതായിരിക്കും. അവർ അഞ്ചുവർഷം കാലാവധി നിശ്ചയിച്ചു. ചില നിവേദനങ്ങളിൽ ആറു വർഷമെന്നുമുണ്ട്. തിർമുദിയുടെ വ്യാഖ്യാനമായ തുഹ്ഫത്തുൽ അഹ്‌വദിൽ പറയുന്നു: റോമക്കാർ പേർഷ്യക്കാർക്കുമേൽ വിജയം വരിച്ച ദിവസം വിശ്വാസികളും സന്തോഷത്തി ലായിരുന്നു. ഈ വിജയത്തെ കുറിച്ച് അവർ അറിഞ്ഞത് ബദ്റിന്റെ ദിവസമായിരുന്നു. ജിബ്‌രീൽ (അ) വിജയ സുവാർത്തയോടൊപ്പംതന്നെ അന്യാരാധകർക്കെതിരിൽ സഹായ സുവാർത്തയുമായി അവതരിക്കുകയുണ്ടായി.(തുഹ്ഫത്തുൽഅഹ്‌വദി ശറഹ് സുനൻ അത്തിർമുദി, വാള്യം 2, പേജ് 2169, മക്തബ ബയ്ത്തുൽഇഫ്ക്കാർ അദ്ദൗലിയ)(സുനൻ അത്തിർമദി, അബ്‌വാബുത്തഫ്സീറുൽ ഖുർആൻ, ബാബു വമിൻ സൂറത്തുർറൂം, ഹദീഥ് 3194). ഈ ബന്ധമാണ് പ്രസ്തുത സംഭവത്തിന് ബദ്റുമായിട്ടുള്ളത്. അതായത് ബദ്ർ യുദ്ധമുണ്ടായ അതേ ദിവസംതന്നെയാണ് റോമക്കാരുടെ വിജയത്തെ കുറിച്ചും സുവാർത്ത ലഭിച്ചത്.

സ്വഹീഹ് ബുഖാരിയിൽ ഒരു നിവേദനമുണ്ട്. അതിന്റെ വിശദീകരണത്തിൽ അല്ലാമാ ബദ്റുദ്ദീൻ ഐനി, റോമൻ വിജയത്തിന്റെ പ്രവചനത്തെ പരാമർശിച്ചുകൊണ്ട് എഴുതുന്നു: പേർഷ്യക്കാരും റോമക്കാരും തമ്മിൽ യുദ്ധമുണ്ടായപ്പോൾ മുസ്‌ലിമീങ്ങൾ പേർഷ്യക്കാർക്കുമേൽ റോമക്കാരുടെ വിജയമാണ് ആഗ്രഹിച്ചത്. കാരണം അവർ ഗ്രന്ഥാനുസാരികളായിരുന്നു. മുസ്‌ലിമീങ്ങളുടെ റോമക്കാരോടുള്ള സഹാനുഭൂതിക്ക് കാരണം റോമക്കാർ ഗ്രന്ഥാനുസാരികളാണെന്നത് മാത്രമായിരുന്നു. നിഷേധികളായ ഖുറയ്ശികൾ പേർഷ്യക്കാരുടെ വിജയമാണ് ആഗ്രഹിച്ചിരുന്നത്. കാരണം അവർ മജൂസികൾ അഗ്നി ആരാധകരായിരുന്നു. ഖുറയ്ശികളും ബിംബാരാധകരായിരുന്നു. ചുരുക്കത്തിൽ വിജയത്തെ കുറിച്ച് ഹദ്റത്ത് അബൂബക്റും അബൂജഹ്‌ലും തമ്മിൽ പന്തയം വെച്ചു. അപ്പോൾ നബി (സ)തിരുമേനി പറഞ്ഞു: ഇവിടെ ബിള്ഉൻ എന്ന പദമാണുള്ളത്. ബിള്ഉൻ എന്നതുകൊണ്ട് ഏഴോ ഒൻപതോ വർഷം ആകാവുന്നതാണ്. അതുകൊണ്ട് കാലാവധി നീട്ടുക. പിന്നെ അങ്ങനെതന്നെ ചെയ്യുകയുണ്ടായി. റോമക്കാർ വിജയിക്കുകയും ചെയ്തു.

അല്ലാഹു പറയുന്നു:*അലിഫ് ലാം മീം. ഗുലിബത്തിർറൂം ഫീ അദ്നൽ അർളി വഹും മ്മിൻബഅ്ദി ഗലബിഹിം സയഗ്‌ലിബൂൻ ഫീ ബിള്‌യി സിനീന ലില്ലാഹിൽ അംറു മിൻ ഖബ്‌ലു വമിൻ ബഅ്ദു വ യൗമഇദിൻ യഫ്റഹുൽമുഅ്മിനൂന. ബിനസ്‌രില്ലാഹ്* (30:2-6) അതായത് അന അല്ലാഹു അഅ്‌ലമു. ഞാൻ അല്ലാഹു ഏറ്റവും അറിയുന്നവനാകുന്നു. റോമക്കാർ പരാജയപ്പെട്ടിരിക്കുന്നു. ഏറ്റവും അടുത്തു കിടക്കുന്ന ഒരു ദേശത്തുവച്ച്. അവരുടെ പരാജയത്തിനുശേഷം താമസിയാതെ അവർ വിജയിക്കുന്നതാണ്. മൂന്നു മുതൽ ഒമ്പത് വർഷങ്ങൾക്കുള്ളിൽ!അതിനു മുമ്പേയും പിമ്പേയും ആധിപത്യം അല്ലാഹുവിന് മാത്രമുള്ളതാണ്. അന്നാളിൽ അല്ലാഹുവിന്റെ സഹായംകൊണ്ട് സത്യവിശ്വാസികൾ സന്തുഷ്ടരാകും. അത് അല്ലാഹുവിന്റെ സഹായത്താലായിരിക്കും. അക്കാലത്ത് പന്തയം വെക്കുന്നത് അനുവദനീയമായിരുന്നുവെന്ന് ശഅ്ബി പറയുന്നു. (ഉംദത്തുൽഖാരി, ശറഹ് സ്വഹീഹുൽ ബുഖാരി, വാള്യം 7, പേജ് 29, ദാറുൽഫിക്ർ ബെയ്റുത്ത്)

നബി(സ)തിരുമേനി ഏതൊരു സംഭവങ്ങളുടെ പ്രവചനമാണോ ചെയ്തത് അവയിലൊന്ന് നിർമലവും സ്പഷ്ടവും വളരെ ഭീമാകാരവുമായ റോമക്കാരുടെ വിജയത്തെ കുറിച്ചുള്ള പ്രവചനമായിരുന്നു.

അറേബ്യയുടെ ഇരുഭാഗത്തും റോമക്കാരുടെയും പേർഷ്യക്കാരുടെയും ഭരണകൂടങ്ങളാണുണ്ടായിരുന്നത്. അന്ന് ഇറാന്റെ രാജാധിപൻ ഖുസ്റുവും റോമൻ ചക്രവർത്തി ഹിർഖലുമായിരുന്നു. ഒരു നീണ്ട കാലമായി ഈ രണ്ടു സാമ്രാജ്യങ്ങളും തമ്മിലുള്ള യുദ്ധം തുടർന്ന് വന്നിരുന്നു. നുബുവ്വത്തിന്റെ അഞ്ചാം വർഷം എ.ഡി. 614-ൽ ഈ രണ്ട് അയൽ രാജ്യങ്ങളും തമ്മിൽ ഒരു രക്തരൂക്ഷിത യുദ്ധമാരംഭിച്ചു. ഈ രണ്ടു സമൂഹങ്ങളും ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ടായിരുന്നില്ല. പക്ഷേ, റോമക്കാർ ഈസാനബിയുടെ അനുയായികളും ഗ്രന്ഥാനുസാരികളുമായിരുന്നു. ഇറാനികളുടെ (പേർഷ്യക്കാരുടെ)വിശ്വാസങ്ങൾ മക്കയിലെ അന്യാരാധകരുടെ വിശ്വാസങ്ങളുമായി താദാത്മ്യം പുലർത്തുന്നവയായിരുന്നു. അതുകൊണ്ടുതന്നെ മുസ്‌ലിമീങ്ങൾക്ക് റോമൻ ക്രിസ്ത്യാനികളോടും മക്കയിലെ അന്യാരാധകർക്ക് ഇറാനികളോടും സഹാനുഭൂതി ഉണ്ടായിരുന്നു. മാത്രമല്ല മുസ്‌ലിമീങ്ങളും ഖുറയ്ശികളും യുദ്ധത്തിന്റെ പരിണിതിയെ കുറിച്ച് താൽപര്യപൂർവ്വം കാത്തിരിക്കുകയായിരുന്നു. ഈ രണ്ടു സാമ്രാജ്യങ്ങളുടെയും അതിരുകൾ ദജല, യൂഫ്രട്ടിസ് നദികളുടെ കരയിലാണ് വന്നുചേരുന്നത്. റോമൻ സാമ്രാജ്യം കിഴക്ക് ഏഷ്യാമൈനറിന്റെ അതിർത്തി ഇറാഖ് സിറിയ ഫലസ്തീൻ ഈജിപ്ത് വരെയും പരന്നു കിടന്നിരുന്നു. ഇറാനികളുടെ ഇരട്ട ആക്രമണമാണുണ്ടായത്. ഒരു ഭാഗത്ത് അവർ ടൈഗ്രിസ്സ് യൂഫ്രട്ടീസ് എന്നീ നദികളുടെ കരയിൽനിന്ന് സിറിയയിലേക്ക് കുതിച്ചു. മറുഭാഗത്ത് ഏഷ്യ മൈനറിന്റെ ഭാഗത്തേക്ക് അസർബൈജാനിൽനിന്ന് അർമേനിയയും കടന്ന് ഇപ്പോഴത്തെ അനാത്വോലിയയിൽ പ്രവേശിക്കുകയുണ്ടായി. രണ്ടു ഭാഗത്തുനിന്നും റോമക്കരെ പിന്നിലേക്ക് തള്ളിമാറ്റി സമുദ്രംവരെയും കൊണ്ടെത്തിച്ചിരുന്നു. സിറിയയുടെ ഭാഗത്ത് അവർ ഒന്നിനുശേഷം മറ്റൊന്നായി വിശുദ്ധ ഭൂമിയുടെ ഓരോരോ പട്ടണങ്ങൾ റോമക്കാരിൽനിന്ന് പിടിച്ചെടുത്തു. എഡി 614-ൽ ഫലസ്തീനും അവരുടെ പരിശുദ്ധ നഗരം ജെറുസലേമും ഇറാനികളുടെ നിയന്ത്രണത്തിലായി. ചർച്ചുകൾ തകർക്കപ്പെട്ടു. മത ചിഹ്നങ്ങൾ അനാദരിക്കപ്പെട്ടു. ഇറാൻ ചക്രവർത്തിയുടെ കൊട്ടാരം അവിടെ വധിക്കപ്പെട്ട 30,000 ആളുകളുടെ ശിരസ്സുകളാൽ മോടിപിടിപ്പിക്കപ്പെട്ടു. അതായത് അവരെ വധിച്ചതിനുശേഷം അവരുടെ ശിരസ്സുകൾ കൊട്ടാരത്തിൽ കൊണ്ടുവന്നു വെച്ചിരുന്നു. ഇറാനിയൻ വിജയത്തിന്റെ ഈ മഹാപ്രളയം മുന്നോട്ട് ഗമിക്കുകയും എ.ഡി 616-ൽ നൈൽ താഴ്‌വരവരെയും അതായത് ഈജിപ്തിനുമേലും വ്യാപിക്കുകയുണ്ടായി. അത് അലക്സാണ്ട്രിയ തീരത്താണ് ചെന്നവസാനിച്ചത്. മറുഭാഗത്ത് ഏഷ്യ മൈനറിനെ തകർത്തുതരിപ്പണമാക്കിക്കൊണ്ട് ബോസ്ഫോറസിന്റെ തീരത്താണ് ചെന്ന് നിന്നത്. കോൺസ്റ്റാണ്ടിനോപ്പിളിന്റെ ചുമരുകളിൽ ചെന്നിടിച്ചു. റോമൻ ചക്രവർത്തിയുടെ തലസ്ഥാനത്തിന് മുന്നിൽ ഇറാനികളുടെ വിജയിച്ച സൈന്യം തങ്ങളുടെ താവളമടിച്ചു. മാത്രമല്ല റോമക്കാർക്ക് പകരം ഇറാഖ് സിറിയ ഫലസ്തീൻ ഈജിപ്ത് ഏഷ്യ മൈനർ തുടങ്ങി വിശാലമായ ഭൂപ്രദേശത്ത് ഇറാനിയൻ ഭരണം സ്ഥാപിതമായി. എല്ലാ സ്ഥലത്തും അഗ്നിക്ഷേത്രം സ്ഥാപിച്ചു. യേശുവിനുപകരം അഗ്നിയേയും സൂര്യനെയും നിർബന്ധപൂർവ്വം ആരാധിക്കാനുള്ള സമ്പ്രദായമുണ്ടാക്കി. റോമൻ സാമ്രാജ്യത്തിന്റെ ഈ പരാജയത്തിൽ റോമൻ ചക്രവർത്തിക്കെതിരിൽ രാജ്യത്തിനകത്ത് വൻ തോതിൽ കലാപങ്ങളുണ്ടാകാൻ തുടങ്ങി. ആഫ്രിക്കയിലും അസ്വസ്ഥതകളുണ്ടായി. കോൺസ്റ്റാന്റിനോപിളിനു സമീപം യൂറോപ്പിൽ വിവിധ സമൂഹങ്ങൾ കൊല്ലും കൊലയും പതിവാക്കി. ചുരുക്കത്തിൽ ആ സമയത്ത് റോമൻ സാമ്രാജ്യം ധൂളീകരിക്കപ്പെട്ടു.

യുദ്ധ പരിണിതി പ്രതീക്ഷക്കെതിരായിരുന്നു. മുസ്‌ലിമീങ്ങൾക്ക് അത് തീർച്ചയായും പ്രയാസവും നിഷേധികൾക്ക് സന്തോഷവുമാണ് നൽകിയത്. മാത്രമല്ല അവർ മുസ്‌ലിമീങ്ങളെ പരിഹസിച്ചുകൊണ്ട് പറഞ്ഞു: നിങ്ങൾ ഞങ്ങൾക്കെതിരിൽ വരികയാണെങ്കിൽ ഞങ്ങളുടെ സഹോദരങ്ങൾ വിജയിച്ചതു പോലെ ഞങ്ങളും വിജയിക്കുന്നതാണ്. അവിശ്വാസികൾ, തങ്ങൾ മുസ്‌ലിമീങ്ങൾക്കുമേൽ വിജയം വരിക്കുമെന്ന് പറഞ്ഞത് വ്യക്തമാക്കുന്നത് അന്ന് റോമക്കാരുടെ അവസ്ഥ പരിതാപകരമായിരുന്നു എന്നതാണ്. നമ്മൾ കണ്ടതുപൊലെ വളരെമോശം അവസ്ഥയായിരുന്നു അവരുടേത്. അവർക്ക് തങ്ങളുടെ നിയന്ത്രണത്തിലുണ്ടായിരുന്ന കിഴക്കൻ പ്രദേശങ്ങൾ ഒന്നൊന്നായി നഷ്ടമായിക്കൊണ്ടിരുന്നു. ഖജനാവ് കാലിയായി. സൈന്യം ഛിന്നിച്ചിതറിയിരുന്നു. നാട്ടിൽ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു.

റോമൻ ചക്രവർത്തി ഹിർക്കൽ പൂർണമായും ധൂർത്തനും അലസനും സംശയാലുവുമായിരുന്നു. അയാൾ ഒന്നിനുംകൊള്ളാത്ത ഒരു രാജാവായി മാറിയിരുന്നു. ഇറാനിയൻ വിജയസേനാധിപൻ കോൺസ്റ്റാന്റിനോപ്പിളിന്റെ കവാടത്തിലെത്തി റോമക്കാർ, ചെറിയ രാജ്യങ്ങൾ വലിയ സാമ്രാജ്യങ്ങൾക്ക് നൽകുന്ന തരത്തിലുള്ള ടാക്സും ആയിരം ടാലന്റ് സ്വർണവും ആയിരം ടാലന്റ് വെള്ളിയും തങ്ങൾക്ക് നൽകണമെന്ന നിബന്ധന വെക്കുന്നു. ടാലന്റ് എന്നത് പൗരാണിക അളവാകുന്നു. അതായത് ഇന്നത്തെ ഏകദേശം 23 കിലോഗ്രാം തൂക്കം. മാത്രമല്ല ആയിരം പരുത്തി വസ്ത്രങ്ങളും ആയിരം കുതിരകളും ആയിരം കന്യകമാരേയും ഇറാനികൾക്ക് നൽകേണ്ടതാണ്.

റോമക്കാരുടെ ദയനീയാവസ്ഥ പരിതാപകരമായിരുന്നു. അവർ ഈ നാണംകെട്ട നിബന്ധന അംഗീകരിക്കുകയുണ്ടായി. ഇങ്ങനെയൊക്കെയായിട്ടും റോമൻ സന്ദേശവാഹകൻ ഇറാൻ ചക്ര

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**

**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

വർത്തിക്കുമുന്നിൽ രഞ്ജിപ്പിനുള്ള സന്ദേശവുമായെത്തിയപ്പോൾ അഹങ്കാരിയായ ചക്രവർത്തി ഖുസ്റു അയാളോടു പറഞ്ഞു: നീ കൊണ്ടുവന്ന ഈ സാധനങ്ങളല്ല എനിക്കുവേണ്ടത്. നിങ്ങൾ ഇതൊക്കെ അംഗീകരിച്ചുവെന്നത് ശരിതന്നെ. പക്ഷേ, എനിക്ക് ഹിർക്കലിനെ ചങ്ങലയിൽ ബന്ധിച്ച് എന്റെ സിഹാസനത്തിനു കീഴിലെത്തിക്കണം. റോമൻ ചക്രവർത്തി തന്റെ ക്രൂശിത ദൈവത്തെ ഉപേക്ഷിച്ച് സൂര്യഭഗവാനു മുന്നിൽ തല കുനിക്കുന്നതുവരെ, ക്രിസ്തുമതത്തിൽനിന്ന് പശ്ചാത്തപിക്കാത്തിടത്തോളം ഒരുവിധ സന്ധിക്കും ഞാൻ തയ്യാറല്ല. ഗ്രന്ഥകാരൻ എഴുതുന്നു: അതേ സമയം യുദ്ധ മൈതാനത്ത് നിന്ന് വളരെ അകലെ ഒരു ഊഷരമായ മരുഭൂമിയുടെ ഗിരിശൃംഖത്തിൽനിന്ന് സമാധാനത്തിന്റെ രാജകുമാരൻ അവതരിച്ചുകൊണ്ട് ലോകഗതിക്ക് തികച്ചും വ്യത്യസ്തമായി ഒരു പ്രവചനം നടത്തുന്നു.

വിശുദ്ധ ഖുർആനിലെ പ്രസ്തുത ആയത്തുകൾ ഞാൻ പാരായണം ചെയ്യാം, ഈ പ്രവചനം എത്രമാത്രം പ്രൗഢമാണെന്ന് മനസ്സിലാകുന്നതിനു വേണ്ടിയാണ് ഞാൻ ഈ വിശദീകരണം നൽകിയത്. പ്രസ്തുത പ്രവചനത്തെ പറ്റിയുള്ള ആയത്തുകൾ ഞാൻ വീണ്ടും പാരായണം ചെയ്യാം.

*അലിഫ് ലാം മീം. ഗുലിബത്തിർറൂമു ഫീ അദ്നൽ അർളി വഹും മ്മിൻബഅ്ദി ഗലബിഹിം സയഗ്‌ലിബൂൻ ഫീ ബിള്‌യി സിനീന ലില്ലാഹിൽ അംറു മിൻ ഖബ്‌ലു വമിൻ ബഅ്ദു വ യൗമഇദിൻ യഫ്‌റഹുൽമുഅ്മിനൂന. ബി നസ്‌രില്ലാഹ്. യൻസ്വുറു മൻയ്യശാഉ വഹുവൽ അസീസുർറഹീം. ലാ യുഖ്‌ലിഫുല്ലാഹു വഅ്ദഹൂ*(30:2-7) അതായത് അന അല്ലാഹു അഅ്‌ലമു. ഞാൻ അല്ലാഹു ഏറ്റവും അറിയുന്നവനാകുന്നു. റോമക്കാർ പരാജയപ്പെട്ടിരിക്കുന്നു. ഏറ്റവും അടുത്തു കിടക്കുന്ന ഒരു ദേശത്തുവച്ച്. അവരുടെ പരാജയത്തിനുശേഷം താമസിയാതെ അവർ വിജയിക്കുന്നതാണ്. മൂന്നു മുതൽ ഒമ്പത് വർഷങ്ങൾക്കുള്ളിൽ!അതിനു മുമ്പേയും പിമ്പേയും ആധിപത്യം അല്ലാഹുവിന് മാത്രമുള്ളതാണ്.അന്നാളിൽ അല്ലാഹുവിന്റെ സഹായംകൊണ്ട് സത്യവിശ്വാസികൾ സന്തുഷ്ടരാകും. അത് അല്ലാഹുവിന്റെ സഹായത്താലായിരിക്കും. അവൻ പ്രതാപവാനും കൂടെക്കൂടെ കരുണ ചൊരിയുന്നവനുമാകുന്നു. (ഇത്) അല്ലാഹുവിന്റെ വാഗ്ദാനമാകുന്നു.അല്ലാഹു തന്റെ വാഗ്ദാനം ലംഘിക്കുകയില്ല.

ഗ്രന്ഥകാരൻ എഴുതിയിരിക്കുന്നു: ഈ പ്രവചനം സാഹചര്യങ്ങൾവച്ചു നോക്കിയാൽ അസംഭാവ്യവും അവിശ്വസനീയവുമായിരുന്നു. അതായത് അതൊരു വിദൂരസാദ്ധ്യതയായി മാത്രം തോന്നിയിരുന്നു. അതുകൊണ്ടാണ് അവിശ്വാസികൾ ഇത് പൂർത്തിയാകുകയാണെങ്കിൽ നൂറുക്കണക്കിന് ഒട്ടകങ്ങളെ സംബന്ധിച്ച് മുസ്‌ലിമീങ്ങളുമായി പന്തയം വെച്ചത്. മുസ്‌ലിമീങ്ങളും അവിശ്വാസികളും അവസാനം ഏതാനും വർഷങ്ങൾക്കകം ലോകത്തിന്റെ പ്രതീക്ഷക്ക് വിപരീതമായി മാറി മറിഞ്ഞു. റോമൻ സാമ്രാജ്യത്തിന്റെ ശോചനീയാവസ്ഥയുടെ ചരിത്രത്തിൽ സുപ്രസിദ്ധ ചരിത്രകാരൻ എഡ്വേർഡ് ഗിബ്ബൻ ഹിർക്കലിന്റെ അവസ്ഥയെ സംബന്ധിച്ചെഴുതുന്നു: ചക്രവർത്തി തന്റെ ജീവിതത്തിന്റെ ആരംഭത്തിലും അവസാനത്തിലും ധൂർത്തിന്റേയും മനോരാജ്യത്തിന്റേയും അടിമയും പ്രജകളുടെ പ്രശ്നങ്ങളിൽ ഒരു നപുംസക കാഴ്ചക്കാരനും ആയിക്കഴിഞ്ഞിരുന്നു. പ്രഭാതത്തിലേയും പ്രദോഷത്തിലെയും മൂടൽമഞ്ഞ് സൂര്യന്റെ പൊൻകിരണങ്ങൾകൊണ്ട് പൊട്ടിയകലുന്നതുപോലെ എ.ഡി 621-ൽ അന്തപ്പുരത്തിലെ ആർക്കഡിയൂസ്, യുദ്ധമൈതാനത്തിലെ സീസറായി മാറി. അതായത് റോമൻ ചക്രവർത്തി ഹിർക്കലിന്റെ പ്രതാപം ആറ് യുദ്ധങ്ങളിലൂടെ വളരെ നല്ല രീതിയിൽ സംരക്ഷിക്കപ്പെട്ടു.

ഇവിടെ ഉദാഹരണമായി പറഞ്ഞ ആർക്കഡിയൂസ് റോമൻ ഭരണകൂടത്തിലെ ഒരു രാജാവായിരുന്നു. ഇദ്ദേഹത്തിന്റെ കാലഘട്ടം ബി.സി 408 മുതൽ 378 വരെയായിരുന്നു. വളരെ ശക്തനായിരുന്നു. അതുപോലെ സീസറും പുരാതന റോമൻ സൈന്യാധിപനായിരുന്നു.

ചുരുക്കത്തിൽ ഹിർക്കൽ തന്റെ ബാക്കിയുള്ള സൈന്യവുമായി കോൺസ്റ്റാന്റിനോപ്പിളിൽ നിന്ന് പുറപ്പെട്ടപ്പോൾ അത് ലോകത്തിനു മുന്നിൽ മഹത്തായ റോമൻ സാമ്രാജ്യത്തിന്റെ അവസാന സൈന്യത്തിന്റെ പ്രതീതിയാണുളവാക്കിയത്. എന്നാൽ, അറേബ്യയിലുള്ള നിരക്ഷരനായ പ്രവാചകന്റെ വാക്കുകൾ അക്ഷരംപ്രതി പുലർന്നു. മുസ്‌ലിമീങ്ങൾ ബദ്ർ രണാങ്കണത്തിൽ ഖുറയ്ശികളെ പരാജയപ്പെടുത്തിയ അതേ സമയത്തുതന്നെയാണ് റോമക്കാർ ഇറാനികൾക്കുമേലും വിജയം വരിച്ചത്. അവർ കൈവശപ്പെടുത്തിയിരുന്ന ഓരോരോകിഴക്കൻ പ്രദേശവും തിരിച്ചുപിടിച്ചു. ഇറാനികളെ ബോസ്ഫോറസ്, നൈൽ തീരങ്ങളിൽനിന്ന് നീക്കി ദജ്‌ല, യൂഫ്രട്ടീസ് തീരങ്ങളിലേക്ക് തള്ളിമാറ്റി.

ഈ മഹത്തായ പ്രവചനത്തിന്റെ പുലർച്ച ലോകത്തെ അത്ഭുത പരതന്ത്രരാക്കി. ഖുറയ്ശികളിലെ നിരവധിയാളുകൾ ഈ സത്യസാക്ഷ്യം കണ്ടപ്പോൾ മുസ്‌ലിമീങ്ങളായി. ഈ സംഭവത്തിന് 1250 വർഷങ്ങൾക്കിപ്പുറം എഡ്വേർഡ് ഗിബ്ബൻ ഈ അത്ഭുതാവഹമായ പ്രവചനത്തിന്റെ സത്യതയിൽ ആശ്ചര്യഭരിതനായി പറയുന്നു, അതായത് അന്യരായ ആളുകളും അത് അംഗീകരിക്കുകയണ്, അദ്ദേഹം പറയുന്നു, അതിന്റെ തർജമ ഇപ്രകാരമാണ്: മുഹമ്മദ്(സ)രണ്ടു വലിയ സാമ്രാജ്യങ്ങളുടെ അരികിലിരുന്ന് അവരുടെ പരസ്പരം നശിപ്പിക്കാനുള്ള ദൈനംദിന ശ്രമങ്ങളുടെ പുരോഗതിയെപറ്റി സന്തോഷപൂർവം വിലയിരുത്തുകയായിരുന്നു. ഇറാനികൾക്ക് വലിയ വിജയങ്ങൾ ലഭ്യമായിക്കൊണ്ടിരുന്ന സമയത്ത് അദ്ദേഹം, ഏതാനും വർഷങ്ങൾക്കകം റോമക്കാരുടെ പതാകക്കുമേൽ വിജയത്തിന്റെ തണൽ പരക്കുമെന്ന പ്രവചനം നടത്താൻ ധൈര്യപ്പെട്ടു. പ്രവചനം നടത്തിയ കാലഘട്ടത്തെ പരിഗണിക്കുമ്പോൾ ഇതിനേക്കാൾ വിദൂര സാധ്യതയുള്ള മറ്റൊരു പ്രവചനവും കാണപ്പെടുന്നതല്ല. ആർക്കും അത് വിശ്വസിക്കാൻ പോലുംകഴിയുമായിരുന്നില്ല. കാരണം ഹിർഖലിന്റെ 12 വർഷത്തെ ഭരണം റോമൻ സാമ്രാജ്യത്തിന്റെ കെട്ടുറപ്പ് ഛിന്നഭിന്നമാക്കുമെന്ന് വിളംബരപ്പെടുത്തുന്നുണ്ടായിരുന്നു.

പിന്നീട് ഹിർഖലിന്റെ സ്വഭാവത്തിലുണ്ടായ ത്വരിതഗതിയിലുള്ള വിപ്ലവത്തേയും സംഭവങ്ങളുടെ അടിസ്ഥാനത്തിലുണ്ടായ അത്ഭുതാവഹമായ മാറ്റങ്ങളേയും അതിന്റെ കാര്യകാരണങ്ങളേയും സംബന്ധിച്ചു റോമൻ ചരിത്രകാരന്മാർ കൗതുകകരമായ കാര്യങ്ങളാണ് ഉണ്ടാക്കിയത്. പക്ഷേ, അവർക്കെന്തറിയാം? ഇക്കാര്യം അല്ലാമ ശിബ്‌ലി നുഅ്മാനീ തന്റെ ഗ്രന്ഥമായ സീറത്തുന്നബിയിൽ എഴുതുന്നു:ഈ രക്തരൂക്ഷിത യുദ്ധത്തിൽനിന്ന് അകലെ ഒരു പ്രവാചകത്വപരമായ കൈ റോമക്കാരുടെ സഹായത്തിനുവേണ്ടി നീളുന്നുണ്ടായിരുന്നുവെന്ന് ഇവർക്കെന്തറിയാം? അതുതന്നെയാണ് വിപ്ലവത്തിന്റേയും മാറ്റത്തിന്റേയും ഏറ്റവും വലിയ ആത്മീയപരമായ കാരണം. മുസ്തദറക്ക്, ജാമിഉത്തിർമദി എന്നിവയെ അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. അതായത് റോമക്കാരും പേർഷ്യക്കാരും തമ്മിൽ യുദ്ധം ആരംഭിച്ചപ്പോൾ മുശ്‌രിക്കീങ്ങൾ ഇറാന്റെ പക്ഷത്തായിരുന്നു. കാരണം അവരും ബിംബാരാധകരായിരുന്നു. മുസ്‌ലിമീങ്ങൾ റോമക്കാർക്ക് അനുകൂലമായിരുന്നു. കാരണം അവർ ഗ്രന്ഥാനുസാരികളായിരുന്നു. ആ സമയത്ത് ഇറാനികൾ റോമക്കാരെ അടിച്ചമർത്തുകയായിരുന്നു. അപ്പോഴാണ് 'റൂം'എന്ന അധ്യായം അവതരിക്കുന്നത്. ഹദ്റത്ത് അബൂബക്ർ (റ)ഈ പ്രവചനത്തെപ്പറ്റി എല്ലാ അന്യാരാധകരേയും ഉറക്കെ ഉറക്കെ കേൾപ്പിച്ചുകൊണ്ടിരുന്നു. മുശ്‌രിക്കീങ്ങൾ പറഞ്ഞു: ഈ പ്രവചനത്തിന് ഒരു കാലപരിധി നിശ്ചയിക്കുക. ഹദ്റത്ത് അബൂബക്ർ (റ)അഞ്ചുവർഷത്തെ നിബന്ധന വെച്ചു. ഇതേപ്പറ്റി നബി(സ)തിരുമേനി അറിഞ്ഞപ്പോൾ പറഞ്ഞു: ബിള്‌യി സിനീൻ എന്നാൽ, മൂന്നു മുതൽ ഒമ്പതുവരെ എന്നാണ് വിവക്ഷിതം. അതുകൊണ്ട് പത്ത് വർഷത്തിൽ കുറഞ്ഞ കാലപരിധി നിശ്ചയിക്കുക. അങ്ങനെ ഈ വിശദീകരണമനുസരിച്ച് ഒമ്പതാമത്തെ വർഷം, ബദ്ർയുദ്ധവേളയിൽ പ്രവചനം പുലർന്നു. റോമക്കാർ വിജയശ്രീലാളിതരായി.

ചില യുവാക്കളും യുവത്വത്തിലേക്ക് പ്രവേശിക്കുന്ന കുട്ടികളും, ഇസ്‌ലാം സത്യമതമാണെന്നും നബി(സ)തിരുമേനി മാത്രമാണ് സത്യപ്രവാചകനെന്നും മറ്റുള്ളവർ അങ്ങനെയല്ലെന്നും നമുക്കെ ങ്ങനെയാണ് മനസ്സിലാക്കാൻ കഴിയുക എന്നുമുള്ള ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കത്തകളയക്കുന്നു, കഴിഞ്ഞ ആഴ്ചയും കത്തുകൾ വന്നിരുന്നു. ഇവിടെയുള്ള അന്തരീക്ഷം അവരിൽ പ്രഭാവം ചെലുത്താനും ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തിൽ അവർക്ക് സംശയങ്ങളുണ്ടാകാനും തുടങ്ങിയിരിക്കുന്നു. അവർ ഈ ചരിത്രത്തിൽ നിന്നും അന്യരുടെ വെളിപ്പെടുത്തലിൽനിന്നും ഉറച്ച വിശ്വാസം ആർജിക്കേണ്ടിയിരിക്കുന്നു. പിന്നെ ഈ കാലഘട്ടത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആനിന്റെ പ്രവചനങ്ങളും നോക്കേണ്ടതാണ്. മാതാപിതാക്കൾ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും തങ്ങളുടെ മക്കൾക്ക് ഇത്തരം പ്രവചനങ്ങൾ കാണിച്ചുകൊടുക്കുകയും ചെയ്തുകൊണ്ട് അതെങ്ങനെയാണ് ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തിന് തെളിവാകുന്നതെന്ന് പറഞ്ഞുകൊടുക്കുക. ഇസ്‌ലാമിന്റെ സത്യത്തിന് ആയിരക്കണക്കിന് തെളിവുകളുണ്ട്. ചുരുക്കത്തിൽ മാതാപിതാക്കളും കുട്ടികളും തങ്ങളുടെ അറിവ് വർധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

കേവലം ചോദ്യങ്ങൾ ഉന്നയിച്ചാൽപോരാ. ചോദ്യങ്ങൾ ഉന്നയിക്കുന്നുവെങ്കിൽ സ്വന്തമായി അറിവ് കരസ്ഥമാക്കാനും ശ്രമിക്കുക. അതുപോലെ നമ്മുടെ സംഘടനകളും അവർക്ക് ഇതേക്കുറിച്ച് അറിവ് പകരാൻ ശ്രമിക്കേണ്ടതാണ്. ഈ ചോദ്യം പലതവണ എന്നോട് ചോദിച്ചിട്ടുണ്ട്. ഏതായാലും ഈയൊരു വിശദീകരണം അനിവാര്യമായതുകൊണ്ട് ഇവിടെ പരാമർശിച്ചതാണ്. ഇനി യഥാർഥ വിഷയത്തിലേക്കു ഞാൻ വരികയാണ്.

ബദ്ർ യുദ്ധം ഹിജ്റത്തിന്റെ ആദ്യവർഷം, നുബുവ്വത്തിന്റെ 14-ാം വർഷമാണ് നടന്നത്. അതിനു ഒമ്പതുവർഷം മുമ്പേ എന്നു പറഞ്ഞാൽ നുബുവ്വത്തിന്റെ അഞ്ചാം വർഷമാണ്. ഇതനുസരിച്ച് പ്രവചന കാലം നുബുവ്വത്തിന്റെ അഞ്ചാം വർഷവും അത് പുലർന്ന കാലം നിബുവ്വത്തിന്റെ 14-ാം വർഷം അതായത് ഹിജ്‌രി ഒന്നാം വർഷവുമായിരിക്കും. ചിലയാളുകൾ ഈ പ്രവചനം പുലർന്ന കാലം ഹുദയ്ബിയ സന്ധി അതായത് ഹിജ്റ ആറാം വർഷമാണെന്ന് പറയുന്നു. ഇതു ശരിയല്ല. ഇത്തരത്തിലുള്ള അബദ്ധ ധാരണക്കുനിദാനം ബുഖാരിയിലും മറ്റുമുള്ള ഒരു വിവരണമാണ്. അതായത് നബി(സ)തിരുമേനിയുടെ സന്ദേശവാഹകൻ ഇസ്‌ലാമിന്റെ സന്ദേശവുമായി റോമൻ ചക്രവർത്തി ഖയ്സ്വറിന്റെയടുക്കൽ പോയപ്പോൾ ഖയ്സ്വർ വിജയത്തിനു നന്ദി പ്രകടിപ്പിക്കാൻ ശാമിലേക്ക് വന്നിട്ടുണ്ടായിരുന്നു. സന്ദേശവാഹകൻ ഹുദയ്ബിയാ സന്ധിയുടെ സമയത്താണ് പുറപ്പെട്ടതെന്ന് മനസ്സിലാകുന്നു. അതുകൊണ്ട് വിജയം ലഭിച്ചതും ഈ ദിവസമാണെന്ന് ആളുകൾ മനസ്സിലാക്കി. എന്നാൽ, ഇത് തെറ്റുധരിപ്പിക്കലാണ്.

ഇത് വിജയ ദിവസമല്ലെന്ന് തികച്ചും പ്രകടമാണ്. പ്രത്യുത വിജയാഘോഷത്തിന്റെ ദിവസമായിരുന്നു.

അന്ന് ഖയ്സർ വിജയാഘോഷത്തിന് വന്നതായിരുന്നു. എന്തായാലും ചരിത്രമനുസരിച്ച് നോക്കുകയാണെങ്കിൽ എ.ഡി 609-ൽ നബി(സ) തിരുമേനി പ്രവാചകനായി നിയോഗിക്കപ്പെട്ടു. 610-ൽ റോമക്കാർക്കും പേർഷ്യക്കാർക്കുമിടയിൽ അസ്വാരസ്യങ്ങൾ തുടങ്ങി. 613-ൽ യുദ്ധ പ്രഖ്യാപനമുണ്ടായി. 614-ൽ റോമക്കാരുടെ പരാജയം ആരംഭിച്ചു. 616-ൽ റോമൻ പരാജയം പൂർണമായി. 622-ൽ റോമക്കാർ വീണ്ടും ആക്രമണമാരംഭിച്ചു. 623-മുതൽ അവരുടെ വിജയം തുടങ്ങി. 625-ൽ അവർക്ക് സമ്പൂർണ വിജയം ലഭിച്ചു. ഈ ക്രമമനുസരിച്ച് നോക്കിയാൽ പ്രസ്തുത പ്രവചനത്തിന്റെ പ്രത്യേകതയെന്തെന്നാൽ റോമക്കാരുടെ പരാജയത്തിന്റെ ആരംഭം മുതൽ അവരുടെ വിജയത്തിന്റെ ആരംഭം വരെയുള്ള കാലഘട്ടം 9 വർഷമാണെന്ന് കാണാം. ഇനി പരാജയത്തിന്റെ അവസാനം മുതൽ വിജയാരംഭം വരെയുള്ള കാലഘട്ടമാണെങ്കിലും 9 വർഷം തന്നെയാണുള്ളത്.

ഈ വിജയത്തിന്റെ സമ്പൂർത്തിക്കുശേഷം ഹിർഖൽ പഴയ അലസനും ധൂർത്തനുമായ ഖയ്സറായിത്തന്നെ മാറി. ദൈവികകരങ്ങൾ ഈ പ്രവചനം പൂർത്തിയാക്കുന്നതിനുവേണ്ടി മാത്രം ഏതാനും വർഷത്തേക്ക് അയാളുടെ മനസ്സിനേയും ബുദ്ധിയേയും സഹായികളേയും സക്രിയമാക്കുകയും ചെയ്തുവെന്നാണ് മനസ്സിലാകുന്നത്. പ്രവചനം പൂർത്തിയായതിനുശേഷം പഴയപടി അയാൾ ധൂർത്തിന്റേയും അലസതയുടെയും ശയ്യയിലേക്ക് വഴുതിവീണു. (സീറത്തുന്നബി(സ), അല്ലാമ ശിബ്‌ലി നുഅ്മാനീ, വാള്യം 2, ഭാഗം 3, പേജ് 313-316, അദാരയെ ഇസ്‌ലാമിയാത്ത് സെപ്റ്റംബർ 2002)(എൻസൈക്ലോ പീഡിയ ബ്രിട്ടാനിക്ക വാള്യം 2, പേജ് 341)(എൻസൈക്ലോ പീഡിയ ബ്രിട്ടാനിക്ക വാള്യം 4, പേജ് 938) ഇതെല്ലാം അല്ലാമാ ശിബ്‌ലി നുഅ്മാനിയും ചരിത്ര പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

റോമക്കാരുടെ വിജയത്തിന്റെ ദിവസത്തെ സംബന്ധിച്ച് ചില സ്ഥലങ്ങളിലുള്ള അഭിപ്രായ വ്യത്യാസം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പരിഹരിച്ചത് ഇങ്ങനെയാണ്. അതായത് ചില നിവേദനങ്ങളിൽ റോമൻ വിജയം ഹുദയ്ബിയാ സന്ധിയുടെ കാലത്താണ് ഉണ്ടായതെന്ന് പറയുന്നു. എന്നാൽ, പ്രസ്തുത രണ്ട് നിവേദനങ്ങളിലും വൈരുധ്യമൊന്നുമില്ല. കാരണം റോമൻ വിജയത്തിന്റെ കാലഘട്ടം ബദ്ർ യുദ്ധം മുതൽ ഹുദയ്ബിയ സന്ധിയുടെ കാലംവരെയും വ്യാപിച്ചു കിടന്നിരുന്നു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ)പേജ് 377)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇത് സംബന്ധമായി പറയുന്നു: നബി(സ)തിരുമേനി മക്കയിലുണ്ടായിരുന്ന കാലത്തുതന്നെ ഇറാനികൾ റോമക്കാരെ പരാജയപ്പെടുത്തിയെന്ന വാർത്ത അറേബ്യയിൽ പരന്നിട്ടുണ്ടായിരുന്നു. തങ്ങളും ഇറാനികളും അന്യാരാധകരായതുകൊണ്ട് ഈ വിജയത്തിൽ അറബികൾ സന്തോഷവാന്മാരായിരുന്നു. ഇറാനികൾ റോമക്കാരെ പരാജയപ്പെടുത്തുന്നത് ഒരു നല്ല ലക്ഷണമാണെന്നും അതുപോലെ മക്കക്കാർക്ക് നബി(സ)തിരുമേനിയുടെമേൽ വിജയം വരിക്കാമെന്നും അവർ കരുതി. എന്നാൽ, നബി(സ)തിരുമേനിയെ അല്ലാഹു ഇങ്ങനെ അറിയിച്ചു:*അലിഫ് ലാം മീം ഗുലിബത്തിർറൂമു ഫീ അദ്നൽ അർളി വഹും മ്മിൻബഅ്ദി ഗലബിഹിം സയഗ്‌ലിബൂൻ ഫീ ബിള്‌യി സിനീന* (30:3-5) അനല്ലാഹു അഅ്‌ലമു ഞാൻ അല്ലാഹു ഏറ്റവും നല്ലപോലെ അറിയുന്നവനാകുന്നു. റോമക്കാർ പരാജയപ്പെട്ടിരിക്കുന്നു. ഏറ്റവും സമീപപ്രദേശത്തുവച്ച്. അവരുടെ പരാജയത്തിനുശേഷം വീണ്ടും അവർ തീർച്ചയായും വിജയിക്കുന്നതാണ്. മൂന്നു മുതൽ ഒമ്പതു വർഷങ്ങൾക്കുള്ളിൽ. ഈ പ്രവചനം പ്രസിദ്ധമായപ്പോൾ മക്കക്കാർ ആർത്തു ചിരിക്കാൻ തുടങ്ങി. എത്രത്തോളമെന്നാൽ ചില അവിശ്വാസികൾ ഹദ്റത്ത് അബൂബക്ർ(റ)വുമായി നൂറ് ഒട്ടകങ്ങളെവരെ പന്തയം വെച്ചു. ഇത്രയും പരാജയത്തിനു ശേഷവും റോമക്കാർ വിജയിച്ചാൽ ഞങ്ങൾ നിങ്ങൾക്ക് നൂറ് ഒട്ടകങ്ങൾ തരാം. അങ്ങനെ സംഭവിച്ചില്ലെങ്കിൽ നിങ്ങൾ ഞങ്ങൾക്ക് നൂറ് ഒട്ടകങ്ങൾ നൽകണം. പ്രത്യക്ഷത്തിൽ പ്രവചനപുലർച്ച വിദൂരഭാവനയായി മാറിക്കൊണ്ടിരിക്കുകയായിരുന്നു. സിറിയയിലെ പരാജയത്തിനുശേഷം റോമൻ സൈന്യം തുടച്ചയായ പരാജയങ്ങൾ ഏറ്റുവാങ്ങി പിന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. അങ്ങനെ ഇറാനിയൻ പട്ടാളമാകട്ടെ മർമാരാ സമുദ്രത്തിന്റെ തീരംവരെയും എത്തി. കോൺസ്റ്റാന്റിനോപ്പിൾ അതിന്റെ ഏഷ്യൻ പ്രവിശ്യകളിൽനിന്ന് തികച്ചും ഒറ്റപ്പെട്ടിട്ടുണ്ടായിരുന്നു. ശക്തമായ റോമൻ സാമ്രാജ്യം കേവലം ഒരു നാട്ടുരാജ്യമായി ചുരുങ്ങി. എന്നാൽ, ദൈവിക വചനങ്ങൾ പുലരേണ്ടിയിരുന്നു, അത് പുലരുകയും ചെയ്തു. ഏറെ നിരാശാജനകമായ ഈ പരിതഃസ്ഥിതിയിൽ റോമൻ ചക്രവർത്തി തന്റെ സൈന്യവുമായി അവസാന പോരാട്ടത്തിനു കോൺസ്റ്റാന്റിനോപ്പിളിലേക്ക് പുറപ്പെട്ടു. ഏഷ്യൻ സമുദ്രതീരത്തിറങ്ങി ഇറാനികളുമായി ഒരു നിർണായക യുദ്ധത്തിന് തിരികൊളുത്തി. റോമൻ സൈന്യം എണ്ണത്തിലും സാധന സാമഗ്രികളിലും ദുർബലമായിരുന്നെങ്കിലും വിശുദ്ധ ഖുർആനിന്റെ പ്രവചനമനുസരിച്ച് ഇറാനികൾക്കുമേൽ വിജയം വരിച്ചു. ഇറാനിയൻ സൈന്യം തങ്ങളുടെ അതിർത്തിക്കപ്പുറത്ത് ഒരിടത്തും കാലുറക്കാത്തവിധം പിന്തിരിഞ്ഞോടി. തുടർന്ന് ഇറാനികൾ കൈയേറിയിരുന്ന റോമൻ ഭരണകൂടത്തിന്റെ ഏഷ്യൻ ആഫ്രിക്കൻ നാടുകൾ അവരുടെനിയന്ത്രണത്തിൽത്തന്നെ വന്നു.(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 445)

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: അബൂബക്ർ സിദ്ദീഖ്(റ)അബൂജഹ്‌ലുമായി പന്തയം വെക്കുകയും വിശുദ്ധ ഖുർആനിന്റെ ഗുലിബത്തിർറൂമു ഫീ അദ്നൽ അർളി വഹും മ്മിൻബഅ്ദി ഗലബിഹിം സയഗ്‌ലിബൂൻ ഫീ ബിള്‌യി സിനീന (30:2-5)എന്ന പ്രവചനം അതിന് നിദാനമാക്കുകയും ചെയ്തുകൊണ്ട് മൂന്ന് വർഷത്തെ കാലപരിധിയാണ് അദ്ദേഹം നിശ്ചയിച്ചത്. എന്നാൽ, നബി(സ)തിരുമേനി പ്രവചനത്തിന്റെ സ്വഭാവം കണക്കിലെടുത്ത് ഉടൻതന്നെ ദീർഘദൃഷ്ടിയോടെ നീങ്ങുകയും പ്രവചന കാലപരിധിയിൽ അനിവാര്യമായ മാറ്റം വരുത്താൻ അബൂബക്ർ സിദ്ദീഖിനോട് കൽപ്പിക്കുകയും ചെയ്തു. ബിള്‌യി സിനീന എന്ന പദം വിശദീകരണാർഹമാണ്. അത് ഒമ്പതു വർഷംവരെയുള്ള കാലപരിധിയെ കുറിക്കുന്നു.(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 310-311)

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: നബി(സ)തിരുമേനിയുടെ കാലത്ത് ഇറാനികൾ ബഹുദൈവാരാധകരായിരുന്നു. റോമൻ ചക്രവർത്തി ഖയ്സർ ക്രിസ്ത്യാനിയും ഏകദൈവാരാധകനുമായിരുന്നു. ഇക്കാരണം കൊണ്ടുകൂടിയാണ് മുസ്‌ലിമീങ്ങൾ അദ്ദേഹത്തെ കാണാൻ പോയത്. പറയുന്നു: റോമൻ ചക്രവർത്തി ഖയ്സർ ക്രിസ്ത്യാനിയും ഏകദൈവാരാധകനുമായിരുന്നു. ഈസാനബിയെ ദൈവപുത്രനെന്ന് വിശ്വസിച്ചിരുന്നില്ല. അദ്ദേഹത്തിനു മുന്നിൽ ഈസാനബിയെ സംബന്ധിച്ച വിശുദ്ധ ഖുർആനിലെ പരാമർശം കേൾപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, എന്റെ വീക്ഷണത്തിലും ഖുർആൻ പറഞ്ഞതിനുപരിയായി മസീഹിന് സ്ഥാനമൊന്നുമില്ല. ഹദീഥ് ബുഖാരിയിലും ഖയ്സറിന്റെ സാക്ഷ്യത്തെ പറ്റി പറയുന്നുണ്ട്. അദ്ദേഹം പറഞ്ഞു: ഇത് തൗറാത്തിലുള്ള വചനങ്ങൾ തന്നെയാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മസീഹിന് ഇതിലുപരി ഒരുവിധ സ്ഥാനവുമില്ല. അപ്പോൾ ഈ ആയത്തുകൾ അവതരിച്ചു. അലിഫ് ലാം മീം ഗുലിബത്തിർറൂമു ഫീ അദ്നൽ അർളി വഹും മ്മിൻബഅ്ദി ഗലബിഹിം സയഗ്‌ലിബൂൻ ഫീ ബിള്‌യി സിനീന (30:2-5) റോമക്കാർ പരാജയപ്പെട്ടു, പക്ഷേ, കുറച്ചു കാലത്തിനുശേഷം അതായത് ഒമ്പത് വർഷത്തിനുള്ളിൽ വീണ്ടും വിജയിക്കുന്നതായിരിക്കും. ക്രിസ്ത്യാനികൾ വളരെ ദുരുപദിഷ്ടിതമായി പറയുന്നു, നബി(സ)തിരുമേനി രണ്ട് ശക്തികളുടേയും അവസ്ഥയെക്കുറിച്ച് അനുമാനിക്കുകയും പിന്നെ ദീർഘവീക്ഷണത്തോടെ പ്രവചനം നടത്തുകയുമാണ് ചെയ്തതെന്ന്! അങ്ങനെയാണെങ്കിൽ മസീഹും രോഗികളുടെ അവസ്ഥയെക്കുറിച്ച് അനുമാനിച്ചുകൊണ്ട് സുഖപ്പെടുമെന്ന് കാണുന്നവരുടെ രോഗം മാറ്റുകയാണുണ്ടായതെന്ന് നമുക്കും പറയാവുന്നതാണ്. തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)താരതമ്യം ചെയ്തുകൊണ്ട് അവരുടെ ആക്ഷേപങ്ങൾക്ക് മറുപടി നൽകുകയാണ് ചെയ്യുന്നത്. ഇങ്ങനെ എല്ലാ അത്ഭുതപ്രവർത്തികളും അവരിൽനിന്ന് കൈവിട്ടു പോകുന്നതാണ്. യൗമഇദിൻ യ്യഫ്റഹുൽമുഅ്മിനൂന അന്നാളിൽ വിശ്വാസികൾക്ക് രണ്ട് സന്തോഷങ്ങളു ണ്ടായിരിക്കും. ഒന്ന് ബദ്ർ യുദ്ധത്തിന്റെ വിജയം മറ്റൊന്ന് റോമിനെ സംബന്ധിച്ച പ്രവചനം പുലർന്നതിന്റെ വിജയം.(മൽഫൂദാത്ത് വാള്യം 3, പേജ് 298-299, 2022 പതിപ്പ്)

യുദ്ധഗതി നോക്കിക്കൊണ്ടാണ് പ്രവചനമെന്നാണ് ആക്ഷേപമെങ്കിൽ ബദ്ർ യുദ്ധത്തിന്റെ അവസ്ഥകൾ അങ്ങനെയൊന്നുമല്ലായിരുന്നു. അതിനെപ്പറ്റിയുള്ള സുവാർത്തയും കൂടെത്തന്നെയുണ്ട്. ഈ രണ്ട് സുവാർത്തകളും ഒന്നിച്ചാണ് ലഭിച്ചത്.

തുടർന്ന് പറയുന്നു: വിശുദ്ധ ഖുർആനിൽ നിരവധി പ്രവചനങ്ങൾ നിറഞ്ഞു കിടക്കുന്നു. ഉദാഹരണമായി റോമിന്റേയും ഇറാന്റേയും സാമ്രാജ്യങ്ങളെ സംബന്ധിച്ച് ഒരു ഉഗ്രൻ പ്രവചനമാണ് വിശുദ്ധ

## • കലാമുൽ ഇമാം •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

ഖുർആനിലുള്ളത്. ഈ പ്രവചനം നടത്തുന്ന സമയത്ത് അഗ്നിപൂജകരായ ഭരണകൂടം ഒരു യുദ്ധത്തിൽ റോമക്കാർക്കുമേൽ വിജയം നേടിയിരുന്നു. അവർ റോമക്കാരുടെ കുറച്ചുഭൂമി തങ്ങളുടെ വരുതിയിലാക്കുകയും ചെയ്തിരുന്നു. അപ്പോൾ മക്കാ മുശ്‌രിക്കീങ്ങൾ പേർഷ്യക്കാരുടെ വിജയത്തെ തങ്ങൾക്കുള്ള നല്ല ശകുനമായി മനസ്സിലാക്കി. കാരണം പേർഷ്യക്കാർ സൃഷ്ടിപൂജയിൽ തങ്ങളുടെ പങ്കാളികളാണ്. അതുകൊണ്ട് ഇവരെ നമുക്കും ഗ്രന്ഥാനുസാരികളുടേതിന് സമാനമായ ന്യായപ്രമാണമുള്ള നമ്മുടെ നബിയേയും പരാജയപ്പെടുത്താൻ കഴിയുന്നതാണ്. അപ്പോൾ അല്ലാഹു വിശുദ്ധ ഖുർആനിൽ അവസാനം റോമക്കാർ വിജയിക്കുമെന്ന പ്രവചനം അവതരിപ്പിച്ചു. ഇത് റോമൻ വിജയത്തെക്കുറിച്ചുള്ള പ്രവചനമായതുകൊണ്ട് ഈ അധ്യായത്തിന് 'സൂറത്തുർ റൂം' എന്ന് പേരു വെച്ചു. അറേബ്യയിലെ ബഹുദൈവ വിശ്വാസികൾ മജൂസി സാമ്രാജ്യത്തിന്റെ വിജയത്തെ തങ്ങളുടെ വിജയത്തിനുള്ള ഒരു അടയാളമായി കരുതിയിരുന്നു. അതുകൊണ്ട് അല്ലാഹു ഈ പ്രവചനത്തിൽ റോമൻ വിജയ ദിവസം മുസ്‌ലിമീങ്ങൾക്കും ബഹുദൈവാരാധകർക്കുംമേൽ വിജയം നൽകുമെന്ന് പറയുന്നു. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആനിലെ ആയത്തുകൾ ഇപ്രകാരമാകുന്നു:*അലിഫ് ലാം മീം. ഗുലിബത്തിർറൂം ഫീ അദ്നൽ അർളി വഹും മ്മിൻബഅ്ദി ഗലബിഹിം സയഗ്‌ലിബൂൻ ഫീ ബിള്‌യി സിനീന* (30:2-5) അതായത് അന അല്ലാഹു അഅ്‌ലമു. ഞാൻ അല്ലാഹു ഏറ്റവും അറിയുന്നവനാകുന്നു. റോമക്കാർ പരാജയപ്പെട്ടിരിക്കുന്നു. ഏറ്റവും അടുത്തു കിടക്കുന്ന ഒരു ദേശത്തുവച്ച്. അവരുടെ പരാജയത്തിനുശേഷം താമസിയാതെ അവർ വിജയിക്കുന്നതാണ്. മൂന്നു മുതൽ ഒമ്പത് വർഷങ്ങൾക്കുള്ളിൽ മജൂസി സാമ്രാജ്യത്തിനു മേൽ വിജയം വരിക്കുന്നതാണ്. അന്നേ ദിവസം വിശ്വാസികൾക്ക് ഒരു വിജയത്തിന്റെ സുദിനമായിരിക്കും. പിന്നെ അങ്ങനെത്തന്നെയാണ് സംഭവിച്ചതും. മൂന്നു വർഷത്തിനുശേഷം ഒമ്പത് വർഷത്തിനുള്ളിൽ റോമക്കാർ ഇറാനികൾക്കുമേൽ വിജയം വരിച്ചു. അന്നേ ദിവസം മുസ്‌ലിമീങ്ങളും മുശ്‌രിക്കീങ്ങൾക്കുമേൽ വിജയം കരസ്ഥമാക്കുകയുണ്ടായി. കാരണം അന്ന് ബദ്ർ യുദ്ധ ദിവസമായിരുന്നു. അതിൽ മുസ്‌ലിമീങ്ങൾക്ക് വിജയം ലഭിക്കുകയും ചെയ്തു.(ചശ്മയെ മഅ്‌രിഫത്ത്, റൂഹാനീ ഖസാഇൻ വാള്യം 23, പേജ്320).

വീണ്ടും പറഞ്ഞു: ചിന്തിച്ചു നോക്കുക, ഇത് എത്രമാത്രം അത്ഭുതാവഹവും പ്രൗഢവുമായ പ്രവചനമാണ്! ഈ പ്രവചനം ചെയ്യുന്ന സമയത്ത് മുസലിമീങ്ങളുടെ ദുർബലവും നിസ്സഹയവുമായ സാഹചര്യം അവരെ അപകടത്തിലാക്കിയിരുന്നു. ഒരുവിധ സാമഗ്രിയും ശക്തിയുമില്ലായിരുന്നു. അത്തരം അവസ്ഥയിൽ എതിരാളികൾ, ഇവർ വളരെവേഗം നാമവശേഷമാകുമെന്ന് പറയുകയും അതിനുള്ള കാലം നിർണയിക്കുകയും ചെയ്തിരുന്നു. അപ്പോൾ യൗമഇദിൻ യഫ്റഉൽമുഅ്മിനൂന എന്ന് പറഞ്ഞുകൊണ്ട് ഇരട്ട പ്രവചനമാണ് നടത്തിയത്. അതായത് റോമക്കാർ പേർഷ്യക്കാർക്കുമേൽ വിജയം വരിക്കുന്ന അതേ ദിവസം മുസ്‌ലിമീങ്ങളും വിജയശ്രീലാളിതരാകുന്നതാണ്. അങ്ങനെ അത് ബദ്ർ ദിവസം പുലർന്നു. ഒരു ഭാഗത്ത് റോമക്കാരും മറുഭാഗത്ത് മുസ്‌ലിമീങ്ങളും വിജയം വരിച്ചു.(മൽഫൂദാത്ത് വാള്യം 2, പേജ് 387, 2022 പതിപ്പ്)

നബി(സ)തിരുമേനിയുമായി ബന്ധപ്പെട്ട ഈ സംഭവങ്ങളുടെ പരമ്പര തുടരുന്നതാണ്. ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതായിരിക്കും.

ജുമുഅക്കുശേഷം ഞാൻ ഒരു ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. അത് യു.കെ.യിലെ ജനാബ് ഫറാസ് അലി അബ്ദുൽ വാഹിദ് സാഹിബിന്റേതാണ്. കഴിഞ്ഞ ദിവസം 47-ാമത്തെ വയസിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം ഇറാഖി വംശജനായിരുന്നു. 2012-ലാണ് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചത്. സന്തപ്ത കുടുംബത്തിൽ ഭാര്യയും ഒരു മകളുമുണ്ട്. വിശുദ്ധ ഖുർആൻ ചെറിയ പ്രായത്തിൽത്തന്നെ ഹൃദിസ്തമാക്കിയിരുന്നു. വലുതായപ്പോൾ യാഥാസ്ഥിതിക ദീനീ മാർഗം അവലംബിക്കുകയും കടുത്ത യാഥാസ്ഥിതിക മുസ്‌ലിമായി മാറുകയും ചെയ്തു. ടി.വി. കാണുന്നത് ഹറാമാണെന്ന് പറഞ്ഞ് വീട്ടിലെ ടി.വി. വിൽക്കുകയുണ്ടായി. ഫോട്ടോ ഹറാമാണെന്ന് പറഞ്ഞ് വീട്ടിലെ ഫോട്ടോകളും കീറിക്കളഞ്ഞു. നല്ലൊരു ചിത്രകാരനായിരുന്നു. ഒരു മൗലവിക്കു കീഴിൽ ദീനീപഠനം നടത്തിയപ്പോൾ തികച്ചും യാഥാസ്ഥിതികനായി മാറി. എല്ലാത്തരം ചിത്രരചനയിൽനിന്നും വിട്ടുനിന്നു. അതേസമയം താൻ ശരിയാണോ? ഇസ്‌ലാം സത്യമതമാണോ? തുടങ്ങിയ സംശയങ്ങളും മനസ്സിലുണ്ടായിരുന്നു. ഇതിനിടെ ഒരു ക്രിസ്ത്യൻ സഹപാഠിയിൽ ആകൃഷ്ടനാകുകയും ഇസ്‌ലാമിനെ സംബന്ധിച്ച സംശയങ്ങൾക്ക് മറുപടി കിട്ടാതെയുമായപ്പോൾ ക്രിസ്ത്യാനിയായി. പിന്നെ കുറച്ച് കഴിഞ്ഞപ്പോൾ നബി(സ) തിരുമേനിയോടുള്ള സ്നേഹം തീക്ഷ്ണമായതിനെ തുടർന്ന് വീണ്ടും ഇസ്‌ലാംമതം സ്വീകരിച്ചു. ഏതായാലും ഇദ്ദേഹം കഠിനാധ്വാനം ചെയ്യുന്ന നല്ല വായനാശീലമുള്ള ആളായിരുന്നു. യൂണിവേഴ്സിറ്റി ഓഫ് ബസ്റയിൽനിന്ന് ബിരുദം നേടി. അവിടെയുള്ള കോളേജ് ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ ആൻഡ് എക്ണോമിക്സിൽ പഠിക്കുകയുണ്ടായി. ഭാഷകൾ പഠിക്കുന്നതിന് താൽപര്യമുണ്ടായിരുന്നു. അതുകൊണ്ട് നല്ലപോലെ ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ, ഭാഷകൾ പഠിച്ചു, റഷ്യൻ ഭാഷയും ഏറെക്കുറെ പഠിച്ചിരുന്നു.

2009-ൽ അദ്ദേഹം ഭാര്യയോടൊപ്പം ഇവിടേക്ക് മാറി. ഇവിടെ അല്ലാഹു അദ്ദേഹത്തിന് ഒരു പെൺകുഞ്ഞിനേയും നൽകി അനുഗ്രഹിച്ചു. ബ്രിട്ടനിലെത്തിയശേഷം ഫറാസ് സാഹിബ് യാദൃച്ഛികമായി എം.ടി.എ. അൽഅറബിയ കാണുകയുണ്ടായി. അതിൽ അദ്ദേഹത്തിനുള്ള ചോദ്യങ്ങൾക്ക് മറുപടി കിട്ടിത്തുടങ്ങി. ഒടുവിൽ അദ്ദേഹത്തിന്റെ മനസ്സിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള സ്നേഹം എത്രമാത്രം രൂഢമൂലമായെന്നാൽ നബി(സ)തിരുമേനിയെ പ്രകീർത്തിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)എഴുതിയ ഖസീദകൾ അധികസമയവും ചൊല്ലുമായിരുന്നു. ഇതിനിടയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഒരു വലിയ വെള്ള മസ്ജിദിൽ പ്രഭാഷണം നടത്തുന്നത് സ്വപ്നം കണ്ടു. അദ്ദേഹത്തിന്റെ മുഖത്തുനിന്ന് പ്രകാശം സ്ഫുരിക്കുന്നുണ്ടായിരുന്നു. പിന്നെ വളരെ സൗന്ദര്യമുള്ള ഒരു യുവാവ് ഒരു മാധ്യമ പ്രവർത്തകനെപ്പോലെ മൈക്ക് പിടിച്ചുകൊണ്ട് വളരെ സുന്ദരമായ നാമങ്ങളിൽഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പരിചയപ്പെടുത്തുകയും അദ്ദേഹത്തെ പിൻപറ്റാൻ ഉപദേശിക്കുകയും ചെയ്യുന്നതും കണ്ടു. അവസാനം ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ 2012-ൽ അദ്ദേഹം ബയ്അത്ത് ചെയ്തു. ഷീഫീൽഡിലെ ഡോക്ടർ ബിലാൽ ത്വാഹിർ സാഹിബുമായി ബന്ധപ്പെടുകയും അദ്ദേഹം മുഖേന ബയ്അത്ത് ചെയ്യുകയുമായിരുന്നു. പിന്നെ അദ്ദേഹവുമായി ചേർന്ന് ജമാഅത്തുപരമായ ഗ്രന്ഥങ്ങളും ചോദ്യോത്തരങ്ങളും പഠിക്കുകയും തുടർന്ന് വളരെ വേഗം ജമാഅത്തുപരമായ വിശ്വാസാദർശങ്ങളെ സംബന്ധിച്ച തബ്‌ലീഗ് ചെയ്യാനും ആക്ഷേപങ്ങൾക്ക് മറുപടി നൽകാനും ജമാഅത്തിനെ നല്ല രീതിയിൽ പ്രതിരോധിക്കാനും തുടങ്ങി.

ജോർഡാനിൽനിന്ന് യസൻ റബാബഅ സാഹിബ് എഴുതുന്നു: ഭ്രാതാ ഫറാസ് അബ്ദുൽ വാഹിദ് സാഹിബ് വളരെ നല്ല അഹ്മദിയായിരുന്നു. ജമാഅത്തുപരമായ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുകയും എതിരാളികൾക്കും മുർത്തദ്ദായവർക്കും മറുപടി കൊടുക്കുകയും ചെയ്തിരുന്നു. അദ്ദേഹം ശരിയായ രീതിയിൽ ഇസ്‌ലാം അഹ്മദിയ്യത്തിനെ പ്രതിരോധിച്ചിരുന്നു. ഫേസ്ബുക്കിൽ അഹ്മദികൾ അദ്ദേഹത്തെ ഫാരിസെഅഹ്മദിയ്യത്ത് അതായത് അഹ്മദിയ്യത്തിന്റെ കുതിരപ്പടയാളി എന്നാണ് പറഞ്ഞിരുന്നത്. അദ്ദേഹത്തെ അനുസ്മരിക്കുമ്പോൾ എന്റെ കണ്ണുകൾനിറയുന്നു. അല്ലഹു അദ്ദേഹത്തിന് മഗ്ഫിറത്ത് പ്രദാനം ചെയ്യുമാറാകട്ടെ.

തമീം അബൂദഖാ സാഹിബ് എഴുതുന്നു: ഫറാസ് സാഹിബ് അനിതര സാധാരണമായ അന്വേഷണ കുതുകിയും അറബി, ഇംഗ്ലീഷ് ഭാഷകളിൽ തർജമ ചെയ്യാനും എഴുതാനും നല്ല കഴിവുള്ള വ്യക്തിയുമായിരുന്നു. അദ്ദേഹം ജമാഅത്തിന്റെ വെബ്സൈറ്റിൽ ചോദ്യങ്ങൾക്ക് മറുപടി നൽകുന്ന ടീമിലെ സജീവാംഗമായിരുന്നു. അദ്ദേഹത്തിന്റെ മറുപടികൾ എപ്പോഴും പൂർണവും തെളിവ് സഹിതവും ഉള്ളവയായിരുന്നു. അതിന് പിൻബലമായി ജമാഅത്തിന്റേയും അനഹ്മദികളുടേയും അറബി, ഇംഗ്ലീഷ് ഗ്രന്ഥങ്ങളിൽനിന്ന് ഉദ്ധരണികൾ സമർപ്പിച്ചിരു

(ശേഷം പേജ് 12ൽ)


**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.**

**(ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS &
GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)ന്റെ അയർലന്റ് പര്യടനം(സെപ്റ്റംബർ 2014)

**2014 സെപ്റ്റംബർ 21 ഞായറാഴ്ച**

ഇന്നേ ദിവസം അഹ്മദിയ്യ ചരിത്രത്തിൽ പ്രത്യേകിച്ചും അയർലൻഡ് ജമാഅത്തിന്റെ ചരിത്രത്തിൽ അങ്ങേയറ്റം പ്രാധാന്യമുളളതും അനുഗൃഹീതവുമാണ്.

1553 ചർച്ചുകൾ സ്ഥിതിചെയ്യുന്ന ക്രൈസ്തവ സമുദായത്തിന്റെ ഈറ്റില്ലമായ അയർലൻഡിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ആദ്യത്തെ മസ്ജിദ് 'മസ്ജിദ് മർയം' ഇന്ന് ഹുദൂർ അയ്യദഹുല്ലാഹ് ഉദ്ഘാടനം ചെയ്യുകയാണ്. ഈ രാഷ്ട്രത്തിലെ നിവാസികളെ ഏകദൈവത്തിലേക്ക് ക്ഷണിക്കാനും ഇസ്‌ലാമിന്റെ സത്യസന്ധവും യഥാർഥവും സമാധാന ഭരിതവുമായ അധ്യാപനങ്ങളെത്തിക്കുന്നതിനും ഹുദൂർ അയ്യദഹുല്ലാഹ് നടത്തുന്ന രണ്ടാമത്തെ പര്യടനമാണിത്.

2010 സെപ്റ്റംബർ 14 മുതൽ 20 വരെയുള്ള ദിനങ്ങളിൽ ഹുദൂറിന്റെ ആദ്യ സന്ദർശനം അയർലൻഡിൽ നടന്നിരുന്നു. സെപ്റ്റംബർ 17ന് അനുഗൃഹീത ജുമുഅ ദിനത്തിൽ മസ്ജിദ് മർയമിന്റെ ശിലാസ്ഥാപന കർമം ഹുദൂർ അയ്യദഹുല്ലാഹ് നിർവഹിച്ചു.

**ലണ്ടനിൽനിന്ന് അയർലൻഡിലേക്ക്.**

വൈകുന്നേരം 02.45ന് ഹുദൂർ ലണ്ടനിലെ താമസസ്ഥലത്തുനിന്ന് പുറത്തുവന്നു. തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന് യാത്ര അയപ്പുനൽകാൻ അഹ്മദി സ്ത്രീകളും പുരുഷന്മാരുമടങ്ങുന്ന വലിയൊരു ജനാവലി മസ്ജിദ് ബയ്ത്തുൽ ഫള്ലിന്റെ മുറ്റത്ത് തടിച്ചു കൂടിയിരുന്നു. ഈയവസരത്തിൽ ആദരണീയ രായ മീർ മഹ്മൂദ് അഹ്മദ് സാഹിബ് ഹുദൂറിൽനിന്ന് ഹസ്തദാനം സ്വീകരിച്ചു. കൈയുയർത്തി ഹുദൂർ എല്ലാവരോടും അസ്സലാമു അലയ്ക്കും പറഞ്ഞു. ദുആക്ക് നേതൃത്വം നല്കി.

അതിനുശേഷം ബ്രിട്ടനിലെ ഹോളിഹെഡ് തുറമുഖത്തേക്ക് യാത്രയായി. ലണ്ടനിൽനിന്ന് ഈ തുറമുഖത്തേക്ക് 300 മൈൽ ദൂരമുണ്ട്. സമുദ്രാതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഹോളിഹെഡ് പട്ടണം വെൽസ് സംസ്ഥാനത്തെ അഞ്ചലെസെ കൗണ്ടിയിലെ ഏറ്റവും വലിയ പട്ടണമാണ്. ഏകദേശം നാലായിരം വർഷമായി ബ്രിട്ടനിലെ ഈ തുറമുഖത്ത് നിന്ന് അയർലൻഡ് തുറമുഖമായ ഡുബ്ലിനിലേക്ക് ജലമാർഗമുള്ള കച്ചവടം നടന്നിരുന്നു എന്നത് ഈ പട്ടണത്തിന്റേയും തുറമുഖത്തിന്റേയും സവിശേഷതയാണ്. പായക്കപ്പലുകൾ നാലായിരം വർഷംമുമ്പേതന്നെ ഈ തുറമുഖങ്ങൾക്കിടയിൽ സഞ്ചരിച്ചിരുന്നു. ഇതു കാരണത്താൽ ഈ തുറമുഖത്തിനെ ഐറിഷ് സീപോർട്ടെന്നും പറയപ്പെടുന്നു. ഏകദേശം അഞ്ചു മണിക്കൂർ 20 മിനിറ്റിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് ഹോളിഹെഡ് തുറമുഖത്തെത്തി. ലണ്ടനിലെ നോർത്ത്‌വെസ്റ്റ് റീജ്യണൽ അമീർ ഡോക്ടർ നസീർ അഹ്മദ് സാഹിബ്, നോർത്ത്‌വെൽസ് സ്വദ്ർ കലീം അഹ്മദ് ബാജ്‌വയും ചേർന്ന് ഹുദൂറിനെ വരവേറ്റു. ഹസ്തദാനം സ്വീകരിച്ചു. ഇന്ന് രാത്രി ഹുദൂറിന് ഈ പട്ടണത്തിൽ താമസിക്കാനുള്ള സംവിധാനം ഒരുക്കിയിരുന്നു. പട്ടണത്തിന്റെ ഒരു ഭാഗത്ത് സ്ഥിതിചെയ്യുന്ന ബ്ലാക് തോൺഫാമിന്റെ ലിവിംഗ് അപ്പാർട്ട് മെന്റിലാണ് താമസസൗകര്യം ഒരുക്കപ്പെട്ടിരുന്നത്. മഗ്‌രിബ്-ഇശാ നമസ്കാരങ്ങൾ ഈ അപ്പാർട്ട്മെന്റിൽ 08.35ന് ഹുദൂറിന്റെ നേതൃത്വത്തില് ജംആയി നിർവഹിക്കപ്പെട്ടു.

ശേഷം മാഞ്ചസ്റ്റർ, ലിവർപ്പൂൾ മജ്‌ലിസുകളിൽ നിന്ന് ഡ്യൂട്ടി നൽകാൻ വന്ന ഖുദ്ദാമുമായി ഹുദൂർ സംസാരിച്ചു.

ഹുദൂർ ചോദിച്ചപ്പോൾ, ഏകദേശം 110 മൈൽ യാത്ര ചെയ്താണെത്തിയതെന്ന് ഒരു ഖാദിം പറഞ്ഞു.

സമുദ്ര തീരത്തുള്ള ബ്ലാക്ക്തോൺഫാം ഒരു ക്യാംപിംഗ് സ്ഥലവുമാണ്. ഖുദ്ദാമും ഇവിടെ ഒരു ടെന്റ് സ്ഥാപിച്ചിരുന്നു. ഹുദൂർ വാത്സല്യപൂർവം ഈ ടെന്റ് നോക്കിക്കണ്ടു. അവിടുത്തെ സംഘാടകരോടു ഈ പ്രദേശത്തെ കുറിച്ച് ചോദിച്ചറിഞ്ഞു.

അതുകഴിഞ്ഞ് റീജ്യണൽ അമീറും നോർത്ത് വെൽസ് ജമാഅത്ത് സ്വദ്റും ഹുദൂറുമായി സംസാരിച്ചു. അവർ ഹുദൂറിനോട് പറഞ്ഞു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ നോർത്ത് വെൽസ് ജമാഅത്ത്, മസ്ജിദ് നിർമിക്കുന്നതിന് ഒരു കെട്ടിടം വാങ്ങിച്ചു. മാഞ്ചസ്റ്ററിലെ മസ്ജിദ് ദാറുൽഅമാനിന്റെ ഉദ്ഘാടനം കഴിഞ്ഞ് മടങ്ങുമ്പോൾ നോർത്ത് വെൽസിലെ ഖാളി നാസിർ അഹ്മദ് സാഹിബ് ഭട്ടിയോട് മടങ്ങിപ്പോയി മസ്ജിദിനുവേണ്ടിയുള്ള സംവിധാനമൊരുക്കാൻ ഹുദൂർ പറഞ്ഞിരുന്നു. അയർലൻഡിൽ പോകുന്ന വഴിയിൽ നിങ്ങളുടെയടുക്കൽ തങ്ങിയിട്ട് പോകുമെന്ന ആഗ്രഹവും ഹുദൂർ അദ്ദേഹത്തോട് പ്രകടിപ്പിച്ചിരുന്നു. തദ്ദേശ ജമാഅത്ത് ഹുദൂറിന്റെ നിർദേശം പാലിക്കുകയും 2014 ഫെബ്രുവരിയിൽ ഞങ്ങൾ മസ്ജിദിന് സ്ഥലം വാങ്ങുകയും ചെയ്തു. അപ്പോൾ ഹുദൂർ പറഞ്ഞു:ഇൻശാ അല്ലാഹ്, അയർലൻഡിൽ നിന്ന് മടങ്ങി വരുമ്പോൾ നോക്കാം.

ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

**2014 സെപ്റ്റംബർ 22 തിങ്കളാഴ്ച**

ഹുദൂർ അൻവർ രാവിലെ 06.00 മണിക്ക് സുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ 11.20ന് വെളിയിൽവന്നു. 40 മിനിറ്റോളം ഖുദ്ദാമിന്നിടയിൽ ഹുദൂർ സമയം ചെലവഴിച്ചു. ഈയവസരത്തിൽ സുന്ദരമായ സമുദ്ര തീരപ്രദേശത്തിന്റെ ഫോട്ടോകളും ഹുദൂർ എടുത്തു. വിവിധ കാര്യങ്ങളെ കുറിച്ച് ഹുദൂർ തന്റെ ഖുദ്ദാമുമായി ആശയവിനിമയം നടത്തി. വിശിഷ്യ മൊബൈൽ ഫോണിൽ ഉപയോഗിക്കപ്പെടുന്ന പുതിയ ടെക്നോളജിയെ കുറിച്ച് വിവിധ വശങ്ങളിലൂടെ ഹുദൂർ അവരുമായി സംസാരിച്ചു.

ഡോക്ടർ അബ്ദുൽമുഅ്മിൻ ജുദ്റാൻ സാഹിബിന്റെ പുതുതായി വാങ്ങിയ കാറും ഈ യാത്രാസംഘത്തിലുണ്ടായിരുന്നു. ഹുദൂർ അൻവർ അനുകമ്പാപുരസ്സരം വാഹനത്തിന്റെ അടുക്കൽ വന്നു. അതിൽ സജ്ജമാക്കിയിട്ടുള്ള പുതിയ സിസ്റ്റത്തേയും സൗകര്യങ്ങളേയും കുറിച്ച് ജുദ്റാൻ സാഹിബിനോട് ചോദിച്ചറിഞ്ഞു.

ഹുദൂർ തന്റെ ക്യാമറകൊണ്ട് സംഘാംഗങ്ങളുടേയും ഖുദ്ദാമിന്റേയും ഫോട്ടോകളെടുത്തു. ഡ്യൂട്ടിക്ക് വേണ്ടി വന്ന ഖുദ്ദാമിനെ ഉന്മേഷവാന്മാരാക്കി. ശേഷം 12.00 മണിക്കടുത്ത് ഹുദൂർ അൻവർ താമസസ്ഥലത്തേക്ക് പോയി.

ഇവിടെ നിന്നും 10 മിനിറ്റ് യാത്രയാണ് തുറമുഖത്തേക്കുള്ളത്. 12.25ന് ഹുദൂർ അൻവർ യാത്രക്ക് തയ്യാറായി പുറത്തുവന്നു. ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഖുദ്ദാം ഹുദൂറുമൊത്ത് ഫോട്ടോ എടുത്ത് സായൂജ്യരായി. ശേഷം ദുആക്ക് നേതൃത്വം നല്കിയ ഹുദൂർ അൻവർ 12.20ന് ഹോളിഹെഡ് പോർട്ടിലേക്ക് യാത്രപുറപ്പെട്ടു.

വി.ഐ.പി പ്രോട്ടോക്കോൾ സംവിധാനത്തിനു കീഴിൽ പോർട്ട് വകുപ്പിന്റെ ഒരു വാഹനം ഹുദൂറിന്റെ സംഘത്തിന് എസ്കോർട്ട് നല്കുകയും ഫെറിയുടെ അകത്തുവരെ അകമ്പടി നല്കുകയും ചെയ്തു. ഇപ്രകാരം സംഘത്തിന്റെ വാഹനങ്ങൾ ആദ്യംതന്നെ ഐറിഷ് ഫെറിയിൽ ബോർഡിംഗ് ചെയ്തു. ഫെറിയുടെ സവിശേഷ പ്രോട്ടോക്കോൾ സ്റ്റാഫ് ഹുദൂർ അൻവറിനെ സ്വാഗതം ചെയ്തു.

11 നിലകളുള്ള ഈ കപ്പൽ 02.10ന് ബ്രിട്ടീഷ് പോർട്ട് ഹോളിഹെഡിൽനിന്ന് അയർലൻഡ് പോർട്ട് ഡുബ്ലിനിലേക്ക് യാത്രയായി. കപ്പലിൽ ത്തന്നെയുള്ള ഒരു മുറിയിൽ നമസ്കാരത്തിനുള്ള സംവിധാനം ചെയ്തിരുന്നു. ഹുദൂറിന്റെ നേതൃത്വത്തിൽ അവിടെ ളുഹ്ർ- അസ്ർ നമസ്കാരങ്ങൾ ജംആക്കി നിർവഹിച്ചു.

രാവിലെ ഈ ഫെറി അയർലൻഡിൽനിന്ന് ലണ്ടനിലേക്ക് വരുമ്പോൾ അവിടുത്തെ ജമാഅത്ത് രണ്ട് പ്രതിനിധികളെ അയച്ചിരുന്നു. നാഷണൽ മാൽസെക്രട്ടറി മലിക് മൻസ്വൂർ അഹ്മദ് സാഹിബ്, ഖുദ്ദാമുൽ അഹ്മദിയ്യ മുഹ്തമിം മാൽ അസദ് ഇഫ്തിഖാർ സാഹിബ് എന്നിവരായിരുന്നു പ്രതിനിധികൾ. ഫെറി ബ്രിട്ടനിൽനിന്ന് പുറപ്പെട്ടതിനുശേഷം ഡുബ്ലിൻവരെയുള്ള യാത്രയിൽ ചില കാര്യങ്ങൾ ഓർഗനൈസ് ചെയ്യുക എന്നതായിരുന്നു ഇവരുടെ വരവിന്റെ ഉദ്ദേശ്യം. വാഹനങ്ങൾ ഫെറിയിൽനിന്നു പുറത്തുവരുമ്പോൾത്തന്നെ ഖാഫിലക്ക് എസ്കോർട്ട് സുസാധ്യമാക്കുക. ഹുദൂറിനോടൊപ്പം നമസ്കാരത്തിൽ ഇവരും പങ്കെടുത്തിരുന്നു. ഹുദൂർ അൻവർ അവരെ കുറിച്ച് അന്വേഷിക്കുകയും അവരോട് സംസാരിക്കുകയും ചെയ്തു.

ഏകദേശം മൂന്നു മണിക്കൂർ ഇരുപതുമിനിറ്റിനുശേഷം ഫെറി അയർലൻഡ് തുറമുഖമായ ഡുബ്ലിനിലെത്തി. സ്പെഷ്യൽ പ്രോട്ടോക്കോളിന് കീഴിൽ ഹുദൂറിന്റേയും സംഘത്തിന്റേയും വാഹനങ്ങൾ ആദ്യം കപ്പലിൽനിന്ന് പുറത്തുവ

**• അല്ലാഹുവിന്റെ കലാം: •**

നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക.(വിശുദ്ധ ഖുർആൻ 26:215 – 216)

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

THE WEEKLY
AL HAKAM
www.alhakam.org

ന്നു. ശേഷം ഡുബ്ലിൻ പട്ടണത്തിലേക്ക് യാത്ര തുടർന്നു.

പോർട്ടിൽനിന്ന് യാത്ര തുടർന്നതിനുശേഷം 06.20ന് കാസ്റ്റിലെനോക്ക് ഹോട്ടലിലെത്തി. ഈ ഹോട്ടൽ ഡുബ്ലിൻ ടൗൺ പ്രദേശത്ത് സ്ഥിതി ചെയ്യുന്നു. ഡുബ്ലിനിൽ തങ്ങുന്ന സമയത്ത് ഹുദൂർ അൻവ റിനും സംഘത്തിനും ഇവിടെയാണ് താമസ സൗകര്യം ഒരുക്കിയിരുന്നത്.

ഹുദൂർ അൻവർ വാഹനത്തിൽനിന്ന് പുറത്ത് വന്നതും അയർലൻഡ് ജമാഅത്ത് നാഷണൽ സ്വദ്ർ ഡോക്ടർ അൻവർ അഹ്മദ് മലിക് സാഹിബും മുബല്ലിഗ് ഇൻചാർജ് ഇബ്റാഹീം നൂനൻ സാഹിബും അയർലൻഡ് മുബല്ലിഗ് റബീബ് അഹ്മദ് മിർസാ സാഹിബും ചേർന്ന് ഹുസൂറിനെ വരവേറ്റു. ഹസ്തദാനം സ്വീകരിച്ചു. ലജ്നാ ഇമായില്ലാഹ് അയർലൻഡ് സ്വദ്ർ ത്വയ്യിബ മഹ്‌മൂദ് സാഹിബ ഹദ്റത്ത് ബീഗം സാഹിബയെ സ്വീകരിച്ചു.

ഹോട്ടലിന്റെ വെളിയിൽ മുറ്റത്ത് ഡുബ്ലിൻ, ഗാൽവെ ജമാഅത്തുകളിൽനിന്നു വന്ന സ്ത്രീ-പുരുഷന്മാരുടേയും കുട്ടികളുടേയും വലിയൊരു അഹ്മദി സംഘം തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറിനെ സ്വീകരിക്കാനെത്തിയിരുന്നു. ആൺകുട്ടികളും പെൺകുട്ടികളും വേറെ വേറെ സ്വാഗത ഗാനം ആലപിച്ചു. എല്ലാവരും സ്വന്തം കൈകൾ വീശി ഹുദൂറിനെ വരവേറ്റു.

ഹുദൂർ അൻവർ കൈയുയർത്തി എല്ലാവരോടും അസ്സലാമു അലയ്ക്കും പറഞ്ഞു. ഹോട്ടലിലെ തങ്ങളുടെ ഹൗസിംഗ് അപ്പാർട്ടുമെന്റിലേക്ക് ഹുദൂർ അൻവർ പോയി.

07.55-ന് മഗ്‌രിബ്-ഇശാ നമസ്കാരങ്ങൾ ഹോട്ടലിലെ ഒരു ഹാളിൽ ഹുദൂറിന്റെ നേതൃത്വത്തിൽ ജംആയി നടന്നു. ശേഷം ഹുദൂർ അൻവർ താമസസ്ഥലത്തേക്ക് മടങ്ങി.

യൂറോപ്പ് ഭൂഖണ്ഡത്തിന്റെ വടക്കുപടിഞ്ഞാറേ അറ്റത്ത് ഓഖിയാനോസ് സമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ദ്വീപാണ് അയർലൻഡ് 70273 ചതുരശ്ര കിലോമീറ്റർ വ്യാപ്തിയിൽ വ്യാപിച്ചു കിടക്കുന്ന ഈ രാജ്യം നാലു സംസ്ഥാനങ്ങളും 26 കൗണ്ടികളും ഉൾപ്പെട്ടതാണ്. ഇവിടുത്തെ ജനസംഖ്യ 45 ലക്ഷമാണ്.

ഇവിടുത്തെ ഭൂരിപക്ഷം വരുന്ന ഏകദേശം 95 ശതമാനം ജനതയും റോമൻ കത്തോലിക്കരാണ്. ബാക്കിയുള്ള അഞ്ചു ശതമാനം വിവിധ മതാനുയായികളും സമൂഹങ്ങളുമാണ്.

ഇംഗ്ലീഷുകാർ ക്രിസ്ത്വാബ്ദം 12-ാം നൂറ്റാണ്ടിൽ അയർലൻഡ് പിടിച്ചെടുത്തു. ഒരു നീണ്ട കഠിനപ്രയത്നങ്ങൾക്കുശേഷം ഒടുവിൽ 1921-ൽ ഇംഗ്ലീഷുകാരിൽനിന്ന് അവർ സ്വാതന്ത്ര്യം നേടി. എങ്കിലും ആറിലൊരു ഭാഗം ഇപ്പോഴും ബ്രിട്ടന്റെ സ്വാധീനത്തിലാണുള്ളത്. ഇത് വടക്കേ അയർലൻഡ് എന്ന് വിളിക്കപ്പെടുന്നു. ഇതിന്റെ തലസ്ഥാനം ബെൽഫാസ്റ്റാണ്. അയർലൻഡ് ഹരിതാഭമായ പർവത നിരകളുള്ള ഉയർന്ന പ്രദേശമാണ്. ഹൃദയാവർജ്ജകമായ അരുവികളും തടാകങ്ങളുംകൊണ്ട് സമ്പന്നമായ ഈ രാജ്യം ലോകത്തിലെ ഏറ്റവും സുന്ദരമായ സമുദ്രത്തീരങ്ങൾ സ്ഥിതി ചെയ്യുന്ന കാരണത്താൽ സന്ദർശനത്തിന് പ്രസിദ്ധമാണ്.

370 കിലോമീറ്റർ ദൂരമുള്ള ശാനോൻപുഴ ഇവിടുത്തെ ഏറ്റവും നീളമുള്ള നദിയാണ്. ഇത് വടക്ക് പടിഞ്ഞാറ് ഭാഗത്തുനിന്ന് ഉത്ഭവിക്കുകയും തെക്ക് പടിഞ്ഞാറു ഭാഗത്തേക്ക് ഒഴുകുകയും ഓഖിയാനോസ് സമുദ്രത്തിൽ പതിക്കുകയും ചെയ്യുന്നു. രണ്ടാമത്തെ പുഴ വിക്ക്ലോലിഫെ പർവത നിരകളൽനിന്ന് ഉത്ഭവിച്ച് വടക്ക് പടിഞ്ഞാറിലൂടെ 121 കിലോമീറ്റർ സഞ്ചരിച്ച് ഡുബ്ലിൻ പട്ടണത്തിന്റെ മധ്യത്തിലൂടെ ഒഴുകി ഐറിഷ് സമുദ്രത്തിൽ പതിക്കുന്നു.

അയർലൻഡിൽ ജമാഅത്തിന്റെ മിഷൻ വ്യവസ്ഥാപിതമായി സ്ഥാപിതമാകുന്നത് ചില പാക്കിസ്താനീ അഹ്മദികൾ ഇവിടെവന്ന് താമസമാക്കുന്നതോടെയാണ്. ചൗദ്‌രീ മുഹമ്മദ് ശരീഫ് സാഹിബ് സർഹിന്ദിയുടെ മകൻ മുഹമ്മദ് ഹനീഫ് സാഹിബാണ് ആദ്യമായി 1976-ൽ ഇവിടെ ജോലിയാവശ്യാർഥം എത്തുന്നത്. ഗാൽവെ പട്ടണത്തിലാണ് അദ്ദേഹം താമസമാക്കിയത്. തുടർന്ന് സമയാ സമയങ്ങളിൽ മറ്റു ചില അഹ്മദികളും അയർലൻഡിലെത്തുകയും വിവിധ പട്ടണങ്ങളിൽ താമസമാക്കുകയും ചെയ്തു.

മിഷൻ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് വിലയിരുത്താൻ ആദ്യ സംഘം യൂ.കെ മുബല്ലിഗ് നസീം അഹ്മദ് ബാജ്‌വ സാഹിബിന്റേയും യൂ.കെ. ജമാഅത്ത് ജനറൽ സെക്രട്ടറി ഹിദായത്തുല്ലാഹ് ബൻഗോവീ സാഹിബ് മർഹൂമിന്റേയും നേതൃത്വത്തിൽ 1983-ൽ അയർലൻഡിൽ നിയോഗിതരായി. ഈ സംഘം ഡുബ്ലിൻ, ഗാൽവേ പട്ടണങ്ങൾ സന്ദർശിച്ചു. മിഷൻ സ്ഥാപനവുമായി ബന്ധപ്പെട്ട് സാഹചര്യങ്ങൾ വിലയിരുത്തി.

ഇവിടെ മിഷൻ സ്ഥാപിക്കാനുള്ള ശ്രമങ്ങൾ തുടർന്നു വന്നു. കലീം അഹ്മദ് സാഹിബും അദ്ദേഹത്തിന്റെ മകൻ നദീം അഹ്മദ് സാഹിബും അടങ്ങുന്ന ആദ്യ വഖ്ഫെ ആർസി സംഘം 1985 ആഗസ്റ്റ് 12-ന് ലണ്ടനിൽനിന്ന് അയർലൻഡിലേക്ക് യാത്രയായി. ഡുബ്ലിനിലേയും ഗാല്വേ പട്ടണത്തിലേയും യൂണിവേഴ്സിറ്റികളും കോളേജുകളും അവർ സന്ദർശിച്ചു. വൈജ്ഞാനിക തലത്തിലുള്ളവരുമായി ബന്ധപ്പെട്ട് ജമാഅത്തിനെ പരിചയപ്പെടുത്തി. പത്രപ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി. അതിന്റെ ഫലമായി പല പത്രങ്ങളും അവരുമായുള്ള ഇന്റർവ്യൂ പ്രസിദ്ധീകരിച്ചു.

റശീദ് അഹ്മദ് റാശിദ് സാഹിബ് ആദ്യ മുബല്ലിഗ് എന്ന നിലയിൽ 1988 ആഗസ്റ്റ് 15-ന് ലണ്ടനിൽനിന്ന് അയർലൻഡിലെത്തി. തുടക്കത്തിൽ ജുമുഅ നമസ്കാരവും മറ്റു ജമാഅത്തായ നമസ്കാരങ്ങളും അയർലൻഡ് ജമാഅത്ത് സ്വദ്ർ മുഹമ്മദ് ഹനീഫ് സാഹിബിന്റെ വീട്ടിലാണ് നടത്തിവന്നത്. കേന്ദ്ര നിർദേശമനുസരിച്ച് മിഷൻ ഹൗസിനുവേണ്ടി സ്ഥലം അന്വേഷിക്കാൻ തുടങ്ങി. തുടർന്ന് ഗാൽവേയിൽ 32000 പൗണ്ടിന് ഒരു കെട്ടിടം വാങ്ങി. 1989 ജനുവരി 26-ന് മുബല്ലിഗ് പുതിയ മിഷൻ ഹൗസിലേക്ക് മാറി.

ഹദ്റത്ത് ഖലീഫത്തുല് മസീഹ് നാലാമൻ(റഹ്) 1989 മാർച്ച് 29 മുതൽ 31 വരെ അയർലൻഡിൽ സന്ദർശനം നടത്തി. മാർച്ച് 31-ന് ഹുദൂർ ജുമുഅ ഖുത്ബ നിർവഹിച്ചുകൊണ്ട് മിഷന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. ഇതിൽ ആകെ 29 പേരാണ് പങ്കെടുത്തത്. അന്നേ ദിവസം വൈകുന്നേരം ഗ്രേറ്റ് സതേൺ ഹോട്ടലിൽ ഒരു ഡിന്നർ പരിപാടി സംഘടിപ്പിച്ചിരുന്നു. ഇതിൽ ഗാൽവേ മേയറിനെ കൂടാതെ 48 അതിഥികൾ പങ്കെടുത്തു. ചില പത്രങ്ങൾ ഹുദൂർ അൻവറിനെ ഇന്റർവ്യൂ ചെയ്യുകയും പിന്നീട് അത് പ്രസിദ്ധീകരിക്കുകയും ചെയ്തു.

അയർലൻഡിൽ ജമാഅത്തിന്റെ മിഷൻ ഔദ്യോഗികമായി സ്ഥാപിതമായപ്പോൾ ജമാഅത്തുകളുടെമൊത്തത്തിലുള്ള എണ്ണം 16 ആയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ അയർലൻഡിൽ ജമാഅത്തുകളുടെ എണ്ണം 384 വരെ എത്തിയിരിക്കുന്നു. രാജ്യത്തിലെ നഗരങ്ങളായ ലൈംറിക്ക്, ഡുബ്ലിൻ, കോർക്ക്, ഡ്രോഗേഡ, അത്‌ലോൺ, ഗാൽവേ, പോർട്ടിയോസ് എന്നിവിടങ്ങളിൽ ജമാഅത്ത് സഹോദരങ്ങൾ താമസിച്ചുവരുന്നു.

ഇവിടുത്തെ ജമാഅത്ത് വളരെ വ്യവസ്ഥാപിതവും സ്ഥായിയും സക്രിയവുമാണ്. സാമ്പത്തിക ത്യാഗത്തിൽ സവിശേഷമായ സ്ഥാനം അലങ്കരിക്കുന്നു. 2010-ൽ ഡുബ്ലിൻ പട്ടണത്തിൽ 2 ലക്ഷത്തി എൺപതിനായിരം യൂറോ വിലവരുന്ന ഒരു കെട്ടിടം മിഷൻ ഹൗസിനുവേണ്ടി ജമാഅത്ത് വാങ്ങി. ഈ കെട്ടിടത്തിന്റെ അടിത്തട്ട് നമസ്കാര സെന്ററായി ഉപയോഗിക്കുന്നു. ഇതിനോടുചേർന്നു കിടക്കുന്ന വീട് വാടകക്കെടുത്തിട്ടുണ്ട്. ഇത് ലജ്നയുടെ നമസ്കാര സെന്ററായും ഓഫീസുകളായും ഉപയോഗിക്കുന്നു.

ജമാഅത്തിന്റെ ഈ സെന്ററിന് കഴിഞ്ഞ സന്ദർശന വേളയിൽ ഹുദൂർ 'ബയ്ത്തുൽഅഹദ്' എന്ന് പേരിട്ടിരുന്നു.

അയർലൻഡ് ജമാഅത്തിന് കൂടുതൽ സാമ്പത്തിക ത്യാഗം ചെയ്തുകൊണ്ട് ഇപ്പോൾ ഗാൽവേയിൽ ജമാഅത്തിന്റെ ആദ്യ മസ്ജിദായ 'മസ്ജിദ് മർയം' നിർമിക്കാൻ സാധിച്ചിരിക്കുന്നു. അൽഹംദു ലില്ലാഹ്.

1986-ലാണ് ജമാഅത്തിന്റെ മിഷൻ ഔദ്യോഗികമായി സ്ഥാപിതമായതെങ്കിലും സെന്ററിന്റെ സ്ഥാപനം 1989-ലാണ് നടന്നത്. എന്നാൽ, ഇതിനു മുമ്പേ 1926-ൽ ഒരു ഐറിഷ് സ്ത്രീക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ സൗഭാഗ്യം ലഭിച്ചു. ഇവരുടെ പേര് കാഥലീൻ എന്നായിരുന്നു. ഹദ്റത്ത് മൗലാനാ അബ്ദുർറഹീം സാഹിബ് ദർദ് മുഖേനയാണ് അവർ ബയ്അത്ത് ചെയ്തത്. 12 വയസ്സുള്ളപ്പോൾ ഹദ്റത്ത് ഖലീഫത്തുല് മസീഹ് രണ്ടാമൻ(റ)ന്റെ കൈയിൽ ബയ്അത്ത് ചെയ്തു. കുറച്ചുകാലം അവർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ വീട്ടിൽ താമസിച്ചിട്ടുണ്ട്. അവർക്ക് ഹുദൂർ ഹനീഫ ബീഗം എന്ന് പേരിട്ടു. ഹദ്റത്ത് പീർ മുഹമ്മദ് മൻളൂർ സാഹിബിൽനിന്ന് അവർ വിശുദ്ധ ഖുർആൻ പഠിച്ചു. അതിനുശേഷം ഹനീഫാ ബീഗം സാഹിബയുടെ വിവാഹം ഡോക്ടർ സയ്യിദ് അബ്ദുസ്സത്താർ ശാഹ് സാഹിബ് മർഹൂമിന്റെ മകൻ സയ്യിദ് അബ്ദുർറസാഖ് ശാഹ് സാഹിബുമായി നടന്നു. അവർ ഹദ്റത്ത് സയ്യിദ ഉമ്മു ത്വാഹിറിന്റെ ജ്യേഷ്ഠ സഹോദരന്റെ ഭാര്യയാണ്. ഹ

## • ഹദീഥുന്നബ്‌വി(സ) •

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## • കലാമുൽ ഇമാം: •

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാല്യം 1, പേജ് 220)

ത്വാലിബെ ദുആ:
C.K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

നീഫ ബീഗം സാഹിബ 11 വർഷം വരെ തന്റെ ഭർത്താവിനോടൊപ്പം കെനിയയിൽ താമസിച്ചു. തുടർന്ന് ഒരു നീണ്ടകാലം ഖാദിയാനിൽ താമസിച്ചു. അതുകഴിഞ്ഞ് ഭർത്താവിനോടൊപ്പം അഹ്മദാബാദ് സംസ്ഥാനത്തിലെ സിന്ധിലേക്ക് മാറിത്താമസിച്ചു.

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ) സിന്ധിൽ പോകുമ്പോഴെല്ലാം പ്രഭാതഭക്ഷണം ഇവരുടെയടുക്കൽ നിന്നുതന്നെ കഴിക്കുമായിരുന്നു. മടങ്ങിപ്പോകുമ്പോഴും ടാബ്ലീ സ്റ്റേഷനിൽ ട്രെയിൻ നിൽക്കുമ്പോൾ പ്രഭാത ഭക്ഷണം എത്തിച്ചുകൊടുക്കാൻ അവർക്ക് സന്ദേശമയച്ചിരുന്നു. ട്രെയിൻ എത്തുമ്പോൾ ചൂടുള്ള ഭക്ഷണം കൃത്യമായി എത്തിക്കുകയും ചെയ്തിരുന്നു. ഹുദൂർ വളരെ സന്തോഷം പ്രകടിപ്പിക്കുകയും നന്ദി പറയുകയും ചെയ്തിരുന്നു.

അഹ്മദാബാദ് സ്റ്റേറ്റിൽ താമസിക്കുന്ന കാലഘട്ടത്തിൽത്തന്നെ ടൈഫോയിഡ് പനി ബാധിക്കുകയും അവരവിടെ വഫാത്താവുകയും ചെയ്തു. അവിടെത്തന്നെ ഖബറടക്കവും നടന്നു. കത്തോലിക്കക്കാരിയായതുകൊണ്ട് അയർലൻഡ് ജനത ക്രിസ്തുമതത്തെ കുറിച്ച് വളരെ വൈകാരികത വെച്ചു പുലർത്തുന്നു. ക്രിസ്തുമതത്തിന്റെ കേന്ദ്രവും പോപ്പ് താമസിക്കുകയും ചെയ്യുന്ന വത്തിക്കാൻ സിറ്റയെക്കാൾ കൂടുതലാണ് അയർലൻഡിൽ കത്തോലിക്കവികാരം. എന്നിരുന്നാലും ഹനീഫ ബീഗം സാഹിബയെക്കൂടാതെ വേറെയും ചില സൽപ്രകൃതക്കാരായ ഐറിഷ്കാരും അഹ്മദിയ്യത്തിന്റെ ഒളിയിൽ പ്രകാശിതരായിരുന്നു.

ഐറിഷ് സമുദായത്തിൽനിന്നുള്ള രണ്ടാമത്തെ ബയ്അത്തും ഒരു സ്ത്രീയുടേതായിരുന്നു. പാട്രിക്ക കോയ് എന്നാണ് അവരുടെ പേര്. 1965-ൽ അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള ഭാഗ്യം ലഭിച്ചു. അവരുടെ വിവാഹം ഒരു മൌറീഷ്യസ് അഹ്മദി അബ്ദുൽഗനി സാഹിബുമായി നടന്നു.

1967-ൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ് (റഹ്)ന്റെ ബ്രിട്ടൻ സന്ദർശനത്തിന്നിടയിൽ അവർ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അവരുടെ ജീവിതത്തിൽ ഒരു മാറ്റം സംഭവിച്ചു. വിശ്വാസത്തിലും കൂറിലും എത്രമാത്രം അവർ അഭിവൃദ്ധിപ്പെട്ടുവെന്നാൽ ഒരു നീണ്ടകാലംവരെ മൌറീഷ്യസ് ലജ്നാ ഇമാഇല്ലായുടെ സ്വദ്റായി. ഫ്രഞ്ച് ഡെസ്കിന്റെ യൂ.കെ ഇൻചാർജ് അബ്ദുൽ ഗനി ജഹാംഗീർ സാഹിബിന്റെ മാതാവാണ് ഈ സ്ത്രീരത്നം. മസ്ജിദ് മർയത്തിന്റെ ഉദ്ഘാടന പരിപാടിയിലും ഇവർ പങ്കെടുക്കാനെത്തുന്നുണ്ട്.

ഐറിഷ് ജനതയിൽനിന്ന് അഹ്മദിയ്യത്തിന്റെ മടത്തട്ടിലെത്തിയ ഒരു സ്നേഹിതനാണ് ഇബ്റാഹീം നൂനൻ സാഹിബ്. ഈ സമയത്ത് അദ്ദേഹം അയർലൻഡ് മിഷണറിയാണ്. ബ്രിട്ടനിലും മിഷണറിയായി പ്രവർത്തിച്ചിട്ടുണ്ട്. യൂ.കെ സ്വദ്ർ ഖുദ്ദാമുൽഅഹ്മദിയ്യ എന്ന പദവിയും അലങ്കരിച്ചിട്ടുണ്ട്. 1991-ലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ സമയത്ത് ഐറിഷ് അഹ്മദികളുടെ എണ്ണം പത്തിൽ കൂടുതലാണ്. എല്ലാവരും വിശ്വാസത്തിലും ആത്മാർഥതയിലും മുന്നേറുന്നു.

ഇപ്പോഴും ചില ഐറിഷ് യുവാക്കൾ ബന്ധപ്പെട്ടു വരുന്നു. പ്രചാരണത്തിനു കീഴിലാണ് അവരുള്ളത്. ജമാഅത്തിനോട് അടുത്തു വരുന്നു.

ഹുദൂറിന്റെ അനുഗൃഹീത പാദം രണ്ടാമത്തെ പ്രാവശ്യമാണ് ഇവിടെ പതിയുന്നത്. ഇൻശാ അല്ലാഹുവിൽ അസീസ് ഇനി ഈ ഭൂഭാഗത്തും വിജയങ്ങളുടെ വാതിലുകൾ തുറക്കപ്പെടും. അയർലൻഡ് അഹ്മദിയ്യാ ജമാഅത്ത് പുരോഗതിയുടെ ഒരു പുതിയ കാലഘട്ടത്തിൽ ഇനി പ്രവേശിക്കും. ലോകത്താകമാനം പരന്നു കിടക്കുന്ന ഇതര ജനതകളെപ്പോലെ ഐറിഷ് ജനതയും ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ നീരുറവിൽ നിന്ന് ദാഹശമനം വരുത്തും.

**2014 സെപ്റ്റംബർ 23 ചൊവ്വാഴ്ച**

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് രാവിലെ 06.00 മണിക്ക് സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. അതിനുശേഷം താമസസ്ഥലത്തേക്ക് മടങ്ങി. ലണ്ടൻ മർക്കസിൽനിന്നുമെത്തിയ ഓഫീസ് സംബന്ധമായ കത്തുകൾ രാവിലെ ഹുദൂർ പരിശോധിച്ചു. കത്തുകളിലും റിപ്പോർട്ടുകളിലും മാർഗനിർദേശങ്ങൾ രേഖപ്പെടുത്തി.

**കുടുംബപരമായ കൂടിക്കാഴ്ചകൾ**

ഇന്ന് കുടുംബ കൂടിക്കാഴ്ചകളുടെ ദിനമായിരുന്നു. കാസിലെനോക്ക് ഹോട്ടലിലെ അപ്പാർട്ടുമെന്റിൽ ഇതിനുള്ള സംവിധാനം ഒരുക്കിയിരുന്നു.

ഹുദൂർ അൻവർ 11.30-ന് എത്തുകയും കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ തുടങ്ങുകയും ചെയ്തു.

രാവിലെത്തെ ഈ സെഷനിൽ 29 കുടുംബങ്ങളിൽനിന്നുള്ള 106 പേരാണ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തിത്. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും ഹുദൂർ നല്കി. ഇവർക്കെല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം ലഭിച്ചു.

ഡുബ്ലിൻപട്ടണം കൂടാതെ ചുറ്റിലുമുള്ള സെൽബ്രിഡ്ജ്, കാവൻ, ലുക്കാൻ, സ്വോഡ്സ്, നവാൻ, ഡ്രോഗ്ഹേദ തുടങ്ങിയ പട്ടണങ്ങളിൽ നിന്നും പ്രദേശങ്ങളിൽനിന്നും വന്നവരാണിവർ.

ആദ്യമായി ഹുദൂറുമായി കൂടിക്കാഴ്ച നടത്തുന്ന ചില സൗഭാഗ്യരായ കുടുംബങ്ങളും ഇവരിലുണ്ടായിരുന്നു. വളരെ അടുത്തുനിന്ന് അവർ ഹുദൂറിൽനിന്ന് അനുഗ്രഹങ്ങൾ കരസ്ഥമാക്കി. വളരെ സന്തോഷത്തിന്റെ ദിനമായ ഇന്ന് അവർ ഹുദൂറിന്റെ സാമീപ്യം നേടിക്കൊണ്ട് സ്വജീവിതത്തിനു വേണ്ടിയുള്ള സമ്പാദ്യം കരസ്ഥമാക്കി. ഇവരുടെ തലമുറകളും ഈ സമ്പദ്യത്തെ ആദരവോടെ നോക്കിക്കാണും.
ഈ കൂടിക്കാഴ്ചകൾ ഉച്ചകഴിഞ്ഞ് രണ്ടു മണിവരെ തുടർന്നു.

**ആമീൻ പരിപാടി**

അലങ്കരിക്കപ്പെട്ട ഹാളിൽ അതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് ളുഹർ-അസ്ർ നമസ്കാരങ്ങൾ ജംആയി നമസ്കരിപ്പിച്ചു. ഇതിനു മുമ്പേ ആമീൻ പരിപാടി നടന്നു. ആൺകുട്ടികളും പെൺകുട്ടികളുമാ യ 20 പേരിൽനിന്ന് വിശുദ്ധ ഖുർആനിലെ ഓരോ വചനങ്ങൾ ഹുദൂർ അയ്യദഹുല്ലാഹ് കേട്ടു. ഈ ഭാഗ്യം കരസ്ഥമാക്കിയവരുടെ പേര് ചുവടെ ചേർക്കുന്നുണ്ട്. അസീസ അറൂസ മഹ്മൂദ്, ഈമാൻ ബുശ്റാ മാലിക്, സബീക്ക ഇഹ്സാൻ, ഗസാല ഹബീബ്, അലീ ശാഹ് ബട്ട്, അനീല അസദ്, റൗഹാൻ മസ്റൂർ മലിക്, ഫാറാൻ ഇഫ്തിഖാർ, അർമഗാൻ മുള്വഫ്ഫർ, അർസലാൻ മലിക് വഫാ അലി അഹ്മദ്, അബ്ദുൽ ബാസിത് ജൻജൂഅ, അർസലാൻ അഹ്മദ്, ഇബ്റാഹീം ജൻജൂഅ, ഫർസാദ് അഹ്മദ് കാംറാൻ, അഹ്സൻ മലിക്, ഫഹദ് ഇഫ്തിഖാർ, തസ്ലിം അഹ്മദ്, അരീസ് അഹ്മദ് മലിക്, ഖവീം അഹ്മദ്.

ആമീൻ പരിപാടിക്കുശേഷം ഹുദൂറിന്റെ നേതൃത്വത്തിൽ ളുഹ്ർ-അസ്ർ ജംആയി നമസ്കരിച്ചു. തുടർന്ന് താമസസ്ഥലത്തേക്ക് പോയി. ഉച്ചക്കുശേഷം ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ മുഴുകി.

കുടുംബപരമായ കൂടിക്കാഴ്ചകൾ

06.45ന് ഹുദൂർഅൻവർ കൂടിക്കാഴ്ചാ ഹാളിലെത്തി. കൂടിക്കാഴ്ചാ പരിപാടി ആരംഭിച്ചു. സായാഹ്നത്തിലെ ഈ സെഷനിൽ ഡുബ്ലിൻ കൂടാതെ ലോംഗ്ഫോർഡ്, പോർട്ട് ലൗയിസ്, ഡൻഡാക്ക്, വാട്ടർ ഫോർഡ്, നവാൻ പ്രദേശങ്ങളിൽനിന്നുള്ള 22 കുടുംബങ്ങളിൽപ്പെട്ട 96 പേരാണ് തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തി സായൂജ്യരായത്. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം ലഭിച്ചു.

വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും ഹുദൂർ നല്കി.കൂടിക്കാഴ്ചകളുടെ ഈ പ്രോഗ്രാം 08.30 വരെ നീണ്ടു നിന്നു. ശേഷം മഗ്രിബ്-ഇശാ നമസ്കാരങ്ങൾ ഹുദൂറിന്റെ ഇമാമത്തിൻകീഴിൽ ജംആയി നിർവഹിച്ചു. അതിനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

**2014 സെപ്റ്റംബർ 24 ബുധനാഴ്ച**

06.00 മണിക്ക് ഹുദൂർ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ ഓഫീസ് സംബന്ധമായ കത്തുകളും റിപ്പോർട്ടുകളും വായിക്കുകയും വേണ്ടുന്ന മാർഗനിർദേശങ്ങൾ നല്കുകയും ചെയ്തു.

**ഹുദൂർ പാർലമെന്റ് ഹൗസിൽ**

സ്പീക്കറും എം.പി.മാരും ഹുദൂറിനെ കാണുന്നു.

ഇന്നത്തെ പ്രോഗ്രാമിൽ ഹുദൂറിന്റെ പാർലമെന്റ് സന്ദർശനമുണ്ടായിരുന്നു. അയർലൻഡ് നാഷണൽ അസംബ്ലി സ്പീക്കറും വിവിധ പാർലമെന്റംഗളും സെനറ്റർമാരും അവിടെ ഹുദൂറുമായുള്ള കൂടിക്കാഴ്ചയും പരിപാടിയുടെ ഭാഗമായിരുന്നു.

10.20ന് ഹുദൂർ ഹോട്ടലിൽനിന്ന് പുറത്തു വരികയും പാർലമെന്റ് ഹൗസിലേക്ക് യാത്ര തിരിക്കുകയും ചെയ്തു. ഭരണകൂടത്തിന്റെ ഭാഗത്തുനിന്ന് ഹുദൂറിന് പൂർണ പ്രോട്ടോക്കോൾ നല്കയിരുന്നു. പോലീസിന്റെ നാല് സെക്യൂരിറ്റി സംബന്ധമായ മോട്ടോർ സൈക്കിൾഹുദൂറിന് അകമ്പടി നൽകാൻ മുമ്പേതന്നെ ഹോട്ടലിന് പുറത്ത് എത്തിയിരുന്നു. യാത്ര പുറപ്പെടുന്നതിനു മുമ്പേ യാത്രാ സംഘത്തിന്റെ വാഹനങ്ങൾ ഓടിക്കുന്നവർക്ക് ഒരു പോലീസ് ഓഫീസർ യാത്രയുമായി ബന്ധപ്പെട്ട ചില പ്രത്യേക നിർദേശങ്ങൾ നല്കി. പോകുന്ന വഴിയിൽ റെഡ് ലൈറ്റോ റൗണ്ട്എബൗട്ടോ വന്നാലും എവിടേയും നിർത്തേണ്ടതില്ലെന്നും യാത്ര തുടരാനുമുള്ള നിർദേശവും അദ്ദേഹം നല്കി. പോലീസ് പോകുന്ന എല്ലാ വഴികളും സ്ഥലങ്ങളും സ്വയം ക്ലിയർ ചെയ്തു മുന്നോട്ട് പോകുന്നതാണ്. എസ്കോർട്ട് നല്കിക്കൊണ്ട് പോലീസ് വഴികൾ ക്ലിയറാക്കി പോയി. 11.00 മണിക്ക് ഹുദൂർ പാർലമെന്റ് ഹൗസിലെ ത്തിച്ചേർന്നു.

പ്രോട്ടോ കോൾ ഓഫീസർ ക്യാപ്റ്റൻ ജോൺ ഫ്ളാഹേർട്ടി പാർലമെന്റ് ഹൗസിന് പുറത്തു വരികയും ഹുദൂറിനെ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ഹുദൂറിനെ പാർലമെന്റ് ഹൗസിലേക്ക് ആനയിച്ചു.

നാഷണൽ അസംബ്ലി സ്പീക്കർ ആദരണീയ സീൻ ബൈരെറ്റ് ഹുദൂറിനെ പ്രതീക്ഷിച്ച് മുമ്പേതന്നെ സന്നിഹിതരായിരുന്നു. വളരെ ആവേശത്തോടെ അദ്ദേഹം ഹുദൂറിന് വരവേൽപ്പ് നല്കിക്കൊണ്ട് പറഞ്ഞു:അയർലൻഡിലെ ഇവിടുത്തെ അഹ്മദിയ്യാ ജമാഅത്തിനെ എനിക്ക് പരിചയമുണ്ട്. ഞാൻ ജമാഅത്തിന്റെ പ്രവർത്തനങ്ങളെ മൂല്യവത്തായ ദൃഷ്ടിയോടെയാണ് നോക്കിക്കാണുന്നത്. നിങ്ങളുടെ സംഘടന ചെറുതും എണ്ണത്തിൽ കുറവുമാണെങ്കിലും വളരെ സക്രിയവും സുസജ്ജവുമാണ്.

ഇവിടുത്തെ ജമാഅത്തിന്റെ ജൽസയിൽ ഞാൻ പങ്കെടുത്തിരുന്നു. ജമാഅത്തിന്റെ മുദ്രാ വാക്യം 'എല്ലവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് വളരെ സ്വാധീനം ഉണ്ടാക്കുന്നതാണ്.' മുമ്പേ ഞാൻ പ്രതിരോധ മന്ത്രിയായിരുന്നു. ആഫ്രിക്കയിലെ റുവാണ്ടയിൽ പോയിട്ടുണ്ട്.

തുടർന്ന് അദ്ദേഹം ആഫ്രിക്കയിലെ ചില പ്രശ്നങ്ങളെ കുറിച്ചും പ്രതിബന്ധങ്ങളെ കുറിച്ചും ഹുദൂറിനോട് സൂചിപ്പിച്ചു.

ഹുദൂർ അൻവർ: ഞാൻ ആഫ്രിക്കയിൽ താമസിച്ചിട്ടുണ്ട്. 8 വർഷം ഘാനയിലുണ്ടായിരുന്നു. ആഫ്രിക്കയിൽ ജമാഅത്ത് സ്കൂളുകളും ആശുപത്രികളും ധാരാളമായി സ്ഥാപിച്ചിട്ടുണ്ട്. ദരിദ്രർക്ക് വിദ്യാഭ്യാസവും സൗജന്യ ചികിത്സാ സൗകര്യങ്ങളും സജ്ജീകരിച്ചിരിക്കുന്നു. കുടിക്കാനുള്ള ശുദ്ധ ജലവും വൈദ്യുതി സൗകര്യവും അവർക്ക് ഏർപ്പെടുത്തികൊടുത്തിട്ടുണ്ട്.

ആഫ്രിക്കയുടെ വിവിധ ഭാഗങ്ങളിൽ മോഡൽവില്ലേജുകൾ പണികഴിപ്പിക്കുന്നു. ടാപ്പ് വഴി ശുദ്ധജലം എത്തിച്ചു കൊടുക്കുന്നു. സോളാർ സിസ്റ്റം വഴി വൈദ്യുതി എത്തിക്കുന്നു. മസ്ജിദുകളും കമ്യൂണിറ്റി സെന്ററുകളും പണികഴിപ്പിക്കുന്നു. ഗ്രീൻ ഹൗസും തയ്യാറാക്കിയിട്ടുണ്ട്. തന്മൂലം ഗ്രാമക്കാർക്ക് അവരുടെ ആവശ്യത്തിനൊത്ത് കൃഷി ചെയ്യാൻ സാധിക്കും. പേവ്സ് ട്രീറ്റും നിർമിച്ചുവരുന്നു.

നമ്മുടെ എല്ലാ സൃഷ്ടിസേവന പരിപാടിയും മത, വർഗ വർണ വിവേചനം കൂടാതെയുള്ളതാണ്. ഏതു മതവുമായി ബന്ധപ്പെട്ട വ്യക്തിയാണെങ്കിലും ഇതിൽനിന്ന് ഫലമെടുക്കുന്നുണ്ട്.

സ്പീക്കർ:നമ്മുടെ ചില ഐറിഷ് മിഷ്ണറിയും ആഫ്രിക്കയിൽപോകുന്നുണ്ട്. ഞങ്ങളും ചില സ്കൂളുകൾ അവിടെ തുറന്നിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽ പ്രസ്തുത സ്കൂളുകളിൽനിന്നു പഠിച്ചിറങ്ങിയ വിദ്യാസമ്പന്നർ ജോലി ചെയ്യുന്നു.

അയർലൻഡ് ജമാഅത്ത് സ്വദ്ർ: അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യ ജമാഅത്തിന്റെ സ്കൂളുകൾ രാജ്യത്ത് വളരെ പ്രസിദ്ധമാണ്. ഈ സ്കൂളുകളിൽനിന്ന് പഠിച്ചിറങ്ങിയവർ ഭരണകൂടത്തിന്റെ വിവിധ വകുപ്പുകളിൽ ഉന്നതപദവികൾ അലങ്കരിക്കുന്നു.

ഹുദൂർ അൻവർ: നമ്മുടെ സ്കൂളുകളിൽ മതപരമായ അധ്യാപനവും നല്കി വരുന്നു. ഇതിൽ സ്വാതന്ത്ര്യമുണ്ട്. ഒരേമതത്തിന്റെ അധ്യാപനംതന്നെ നല്കണമെന്ന നിർബന്ധമൊന്നുമില്ല. ഓരോ മതത്തിലെ വിദ്യാർഥിക്കും താന്താങ്ങളുടെ വിദ്യ അഭ്യസിക്കാവുന്നതാണ്.

ഇക്കാര്യം സ്പീക്കറിൽ വളരെ വിസ്മയം സൃഷ്ടിച്ചു. അദ്ദേഹം പറഞ്ഞു:മനുഷ്യകുലത്തിന് സേവനം ചെയ്യുന്നതിൽ ഉറച്ചു വിശ്വസിക്കുന്നു.

ഹുദൂർ അൻവർ: ഇസ്ലാമിന്റെ അധ്യാപനവും ഇതുതന്നെയാണ്. മനുഷ്യൻ ദൈവത്തെ തിരിച്ചറിയുക, ദൈവവുമായി ബന്ധമുണ്ടാക്കുക, ഓരോ മനുഷ്യനും മറ്റുള്ളവന്റെ അവകാശങ്ങൾ വകവെച്ചുകൊടുക്കുക. പരസ്പരമുള്ള ആവശ്യങ്ങളെ കുറിച്ച് വിചാരമുണ്ടാക്കുക. ഇസ്ലാം തികച്ചും സമാധാനഭരിതമായ മതമാണ്. എന്നാൽ, തീവ്രവാദത്തെ ഇഷ്ടപ്പെടുന്ന മുസ്ലിമീങ്ങളും തീവ്രവാദികളും ഇസ്ലാമിന് ദുഷ്പേരുണ്ടാക്കുകയാണ് ചെയ്യുന്നത്. ഇസ്ലാമിന് തീവ്രവാദവുമായി ഒരു ബന്ധവുമില്ല. ഏതെങ്കിലും വ്യക്തികളുടേയോ ഗ്രൂപ്പിന്റേയോ തെറ്റായ പ്രവർത്തി കാരണത്താൽ അവന്റെ മതത്തെ ആക്ഷേപത്തിന് കുറിമാനമാക്കുന്നത് നീതിയല്ല.

സ്പീക്കർ:ചില സ്ഥലങ്ങളിൽ ക്രൈസ്തവരുടെ ഭാഗത്തുനിന്ന് അക്രമമുണ്ടാകുന്നു.

ഹുദൂർ അൻവർ: എന്നാൽ, അവരുടെ മതങ്ങളെക്കുറിച്ച് അക്രമം നടത്തുന്നതായി ആരും പറയാറില്ല. ഏതെങ്കിലും മുസ്ലിമാണ് ചെയ്യുന്നതെങ്കിൽ ഇസ്ലാമിനെ ആക്ഷേപിക്കുകയും ചെയ്യും!

കൂടിക്കാഴ്ചയിൽ വിവിധ വിഷയങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും സംഭാഷണവും ആശയ വിനിമയവും നടന്നു.

15 മിനുറ്റാണ് കൂടിക്കാഴ്ചക്ക് നിശ്ചയിച്ചതെങ്കിലും 45 മിനുറ്റ് ഈ പരിപാടി നീണ്ടു നിന്നു. പാർലമെന്റ് സെഷൻ ആരംഭിക്കാൻ പോകുന്നുവെന്നും സമയം കടന്നു പോകുന്നുവെന്നും പേഴ്സണൽ സെക്രട്ടറി അദ്ദേഹത്തെ ഓർമിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ, ഇക്കാര്യങ്ങളിലേക്ക് സ്പീക്കർ ശ്രദ്ധയും കൊടുത്തില്ല. തുടർച്ചയായി ആശയവിനമയത്തിൽത്തന്നെ മുഴുകി. 11.45ന് ഈ കൂടിക്കാഴ്ച അവസാനിച്ചു.(തുടരും)(ബദ്ർ ഉർദു, 2014 ഒക്ടോബർ 16)

# മുഹമ്മദുനബി(സ) പ്രബോധകനെന്ന നിലയിൽ

## ഹാഫിള് മുസഫ്ഫർ അഹ്മദ്

**ഇസ്ലാമിന്റെ ശത്രുക്കൾക്കുവേണ്ടിയുള്ള ദുആ(കഴിഞ്ഞലക്കം തുടർച്ച.....)**

ദഅ്വത്തെ ഇലല്ലായുടെ അതായത് അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതിന്റെ ആദ്യത്തേതും അവസാനത്തേതുമായ ആയുധം ദുആ തന്നെയാണ്. ഇസ്ലാമിന്റെ തുടക്കത്തിൽ ഖുറയ്ശി നേതാക്കന്മാരുടെ ശക്തമായ എതിർപുകണ്ട് നബി(സ)തിരുമേനിക്ക് തികഞ്ഞ യുക്തിയോടും ബുദ്ധിസാമർഥ്യത്തോടുംകൂടി മക്കയിലെ ശക്തരും ധീരരുമായ രണ്ടു നേതാക്കൾ ഇസ്ലാം സ്വീകരിക്കുന്നതിനുവേണ്ടി പ്രത്യേമായ നിലയിൽ ദുആ ചെയ്യാൻ ശ്രദ്ധയുണ്ടായി. അവർ ഇസ്ലാം സ്വീകരിച്ചാൽ അവിശ്വാസത്തിന്റെ ശക്തി പൊട്ടിപ്പിളരുകയും ഇസ്ലാം ശക്തിപ്രാപിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ അവിടന്ന് ദുആ ചെയ്തു:അല്ലാഹുവേ!ഈ രണ്ടു വ്യക്തികളിൽനിന്ന് അതായത് അംറ് ബിൻ ഹിശാം, ഉമർ ബിൻ അൽഖത്വാബ് എന്നിവരിൽനിന്ന് നിനക്ക് കൂടുതലിഷ്ടപ്പെട്ടയാൾക്ക് ഇസ്ലാം സ്വീകരിക്കാൻ ഭാഗ്യം നല്കിയാലും.(തിർമുദി)21

അല്ലാഹു ഈ ദുആ എത്രയും പെട്ടെന്ന് സ്വീകരിച്ചു. ഹദ്റത്ത് ഉമർ(റ)ന് ഇസ്ലാം സ്വീകരിക്കാൻ ഭാഗ്യമുണ്ടായി. ഹദ്റത്ത് ഉമറിന്റെ ഇസ്ലാം സ്വീകരണവും മുസ്ലിമീങ്ങളേറ്റുകൊണ്ടിരുന്നു ദുരിതങ്ങളുടെ ബർക്കത്തായിരുന്നു. ഹബ്ശയിലേക്കുള്ള ഹിജ്റത്ത് മക്കയിലെ മാന്യന്മാരുടെ മനസ്സുകളിൽ മുസ്ലിമീങ്ങളോടുള്ള സമീപനത്തിൽ ഒരു അലിവുണ്ടാക്കുന്നതിന് നിമിത്തമായിരുന്നു. തുടക്കത്തിൽ മുസ്ലിമീങ്ങളുടെ മേൽ അക്രമങ്ങൾ അഴിച്ചുവിട്ടിരുന്ന കഠിനവിരോധികളിൽപ്പെട്ടയാളായിരുന്നു യഥാർഥത്തിൽ ഉമർ ബിൻ ഖത്വാബ്. പക്ഷേ, ഒരു ഖുറയ്ശീ കുടുംബം ഹബ്ശയിലേക്ക് ഹിജ്റത്തു ചെയ്യാൻ യാത്രയ്ക്കൊരുങ്ങുന്നതുകണ്ടപ്പോൾ അദ്ദേഹത്തിന്റെ മനസ്സും വിഷമിച്ചു. ഹദ്റത്ത് ഉമറിന്റെതന്നെ ഒരുനിവേദനമനുസരിച്ച് ഇസ്ലാം സ്വീകരിക്കുന്നതിനുമുമ്പേ മറ്റൊരു അവസരത്തിൽ അദ്ദേഹം രാത്രിസമയത്ത് കഅ്ബ മന്ദിരത്തിൽ, അല്ലാഹുവിന്റെ റസൂൽ നമസ്കാരത്തിൽ വിശു.ദ്ധ ഖുർആൻ പാരായണം ചെയ്തത് കേട്ടപ്പോൾ മനസ്സ് അലിഞ്ഞുപോയിരുന്നു. ഈ എല്ലാ കർമങ്ങളും വാസ്തവത്തിൽ ഉമറിനുവേണ്ടി അല്ലാഹുവിന്റെ റസൂൽചെയ്ത ദുആകളുടെ ഫലമായിരുന്നു.

ഹദ്റത്ത് ഉമറിനെക്കാൾ മുമ്പേ അദ്ദേഹത്തിന്റെ സഹോദരി ഫാത്വിമയും അളിയൻ സയീദ് ബിൻ സയ്ദും ഇസ്ലാം സ്വീകരിച്ചു കഴിഞ്ഞിരുന്നു. എന്നാൽ, ഹദ്റത്ത് ഉമറിന്റെ ബലാൽക്കാരപരമായ പ്രകൃതം കാരണത്താൽ ഇപ്പോൾ അവർ അത് പരസ്യമാക്കിയിരുന്നില്ല. ഒരു ദിവസം ഹദ്റത്ത് ഉമർ ബിൻഖത്വാബ് വീട്ടിൽനിന്ന് വാളുമെടുത്തിറങ്ങി. വഴിയിൽവച്ച് തന്റെ ജനതയിലെ ഒരാളായ നുഅയിമിനെ കണ്ടുമുട്ടി. അദ്ദേഹം രഹസ്യമായി ഇസ്ലാം സ്വീകരിച്ചു കഴിഞ്ഞിരുന്നു. ഉമർ അദ്ദേഹത്തോടു മുഹമ്മദിനെ കൊല്ലാൻ പോകുകയാണെന്ന് പറഞ്ഞു. പുതിയമതത്തിന്റെ ഫിത്ന എന്നെന്നേക്കുമായി അവസാനിപ്പിക്കാൻ! നുഅയിം പറഞ്ഞു:നീ എന്താണ് വിചാരിക്കുന്നത്? നീ മുഹമ്മദിനെ വധിക്കുകയാണെങ്കിൽ അയാളുടെ ഗോത്രം നിന്നെ വെച്ചേക്കുമോ? പിന്നെ ആദ്യം നിന്റെ വീട്ടിലെ വിവരങ്ങൾ അന്വേഷിക്കുക.നിന്റെ അളിയനും സഹോദരിയും ഇസ്ലാം സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഉമർ നേരെ സഹോദരിയുടെ വീട്ടിലെത്തി. അപ്പോൾ ഖുർആൻ പാരാണം ചെയ്യുന്ന ശബ്ദം കേട്ടു. ഹ്ദറത്ത് ഖബ്വാബ്(റ)അവിടെ ഖുർആൻ പാരായണം ചെയ്യുകയായിരുന്നു. അദ്ദേഹം ഉമറിനെ കണ്ട് ഒളിച്ചു. ഈ ശബ്ദം ആരുടേതാണെന്ന് ഉമർ ചോദിച്ചു. നിങ്ങൾ ഇസ്ലാം സ്വീകരിച്ചിരിക്കുന്നുവെന്ന് ഞാനറിഞ്ഞു. ഇതും പറഞ്ഞ് ഉമർ സയീദ് ബിൻ സയ്ദിനെ പിടിച്ചു.

**(തുടരും)**

**• കലാമുൽ ഇമാം: •**

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

**• അല്ലാഹുവിന്റെ കലാം: •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmial.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 26 October 2023 Issue-43

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

**(പേജ് 7 ൽനിന്ന്)**

ന്നു. ചില അറബ് മുർത്തദ്ദ് മുനാഫിഖീങ്ങൾ ഫിത്ന ആരംഭിച്ചപ്പോൾ മർഹൂം ഫറാസ് സാഹിബ് ആക്ഷേപമുന്നയിക്കുന്നവരെ നേരിടുന്നതിൽ മുൻപന്തിയിലുണ്ടായിരുന്നു. തന്റെ പൂർണ വിശ്വാസവും സ്നേഹവും കാരണം വളരെ ശക്തമായി ജമാഅത്തിനേയും ഖിലാഫത്തിനേയും പ്രതിരോധിച്ചിരുന്നു.

ഡോ.അയ്മൻ ഔദ സാഹിബ് പറയുന്നു: മർഹൂം ഭ്രാതാ ഫറാസ് അബ്ദുൽ വാഹിദ് സാഹിബ് അദ്ദേഹത്തിന്റെ വിശാലമായ വിജ്ഞാനവും അസാധാരണമായ ധിഷണയും അദ്ദേഹത്തിന്റെ രചനകളും ലേഖനങ്ങളും മുഖേനയുമാണ് അറിയപ്പെടുക. അദ്ദേഹത്തിന് ജമാഅത്തിൽ വന്നിട്ട് അധിക കാലമൊന്നും ആയിട്ടില്ല. എന്നിട്ടും വളരെ ചെറിയ കാലയളവിൽ അദ്ദേഹം ജമാഅത്തിന്റെ ആശയാദർശങ്ങളെ സംബന്ധിച്ച് ആഴത്തിൽ അറിവ് സമ്പാദിച്ചുകൊണ്ട് തന്റെ ശക്തമായ മറുപടികൾ മുഖേന എതിരാളികളെ നിരുദ്ധകണ്ഠരാക്കിയിരുന്നു. മർഹൂമിന് ഏതാനും വർഷംമുമ്പേ അറബി വെബ്സൈറ്റിൽ മറുപടി നൽകാനുള്ള ഉത്തരവാദിത്വം ഏൽപ്പിച്ചിരുന്നു. അത് അദ്ദേഹം തന്റെ അവസാനഘട്ടംവരെയും വളരെ താൽപര്യപൂർവം നിറവേറ്റുകയുണ്ടായി. വളരെ ആത്മാർഥമായി ജോലി ചെയ്തിരുന്നു. ചോദ്യോത്തരങ്ങളുടെ വെബ്സൈറ്റായ 'ബസാത്വു അഹ്മദി' യിലുള്ള അദ്ദേഹത്തിന്റെ ഏകദേശം 800 ലേഖനങ്ങളും അക്ഷേപങ്ങൾക്കുള്ള മറുപടികളും അദ്ദേഹത്തിന്റെ ഗഹനമായ വൈജ്ഞാനിക വ്യക്തിത്വത്തിനും ജമാഅത്തുപരമായ ആശയാദർശങ്ങൾ പരത്തുന്നതിനും എതിരാളികളുടെ ആക്ഷേപങ്ങൾക്ക് മറുപടി നൽകുന്നതിനുള്ള ഉൽക്കടമായ അഭിവാഞ്ചക്കുമുള്ള സാക്ഷ്യം നൽകിക്കൊണ്ടിരിക്കും.

അമേരിക്കയിലുള്ള ലബ്നാൻ സ്വദേശി മഹ്മൂദ് കാകി സാഹിബ് പറയുന്നു: ഞാൻ അദ്ദേഹത്തിന്റെ പരന്ന വിജ്ഞാനത്തിലും തെളിവുകൾ സമർപ്പിക്കുന്ന രീതിയിലും ഏറെ ആകൃഷ്ടനാണ്. എതിരാളികളോടുള്ള അദ്ദേഹത്തിന്റെ സംസാര രീതി സന്തുലിതവും ആദരയുക്തവും മനോഹരവുമായിരുന്നു. അല്ലഹു പരേതനോട് കരുണയോടെയും പൊറുമയോടെയും വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യയുടെയും മകളുടെയും സംരക്ഷകനാകുമാറാകട്ടെ.അദ്ദേഹത്തിന്റെ നല്ല ആഗ്രഹങ്ങളും പ്രാർഥനകളും കുടുംബത്തിന്റെ കാര്യത്തിൽ സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ. ജമാഅത്തിന് അദ്ദേഹത്തെപ്പോലുള്ള ആളുകളെ പകരമായി നൽകുമാറാകട്ടെ.

ഞാൻ പറഞ്ഞതു പോലെ നമസ്കാരത്തിനുശേഷം ഇൻശാഅല്ലാഹ് ജനാസ നമസ്കരിക്കുന്നതാണ്. (വിവർത്തനം: എച്.ശംസുദ്ദീൻ കാവശേരി, ഡി.റ്റി.പി: പി. വസീം അഹ്മദ് ചേലക്കര)




**(പേജ് 1 ൽനിന്ന്)**

ആരുടെ കാര്യം അതിരുകവിയുകയും ചെയ്തിട്ടുണ്ടോ അങ്ങനെയുള്ളവനെ നീ അനുസരിക്കരുത്) എന്നതിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു:

ഈ ആയത്ത് മുകളിലത്തെ അർഥങ്ങളെ വീണ്ടും വ്യക്തമാക്കിയിരിക്കുന്നു. ഈ ആയത്തിലെ സംബോധിതൻ നബി(സ)തിരുമേനി അല്ല. പ്രത്യുത അക്കാലം കാണാൻ അവസരം കിട്ടിയ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന ആ വ്യക്തിയാണ്. നബി(സ)തിരുമേനി സ്വയം നമസ്കരിപ്പിക്കുന്ന ആളായിരുന്നു. രാവിലേയും വൈകുന്നേരവും നമസ്കാരങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ആ മഹാത്മാവിനോടു അവരോടൊപ്പം കഴിയുക എന്നെങ്ങനെയാണ് പറയാൻ കഴിയുക.

യഥാർഥത്തിൽ ഇവിടെ പറഞ്ഞിട്ടുള്ളത് ക്രൈസ്തവ ജനതകളുടെ അഭിവൃദ്ധിയുടെ കാലഘട്ടത്തിൽ ഇസ്ലാമിൽ നിലകൊള്ളുന്ന ഒരു ജമാഅത്തുണ്ടാകും. അവരോടൊപ്പം ചേരാൻ ആളുകൾക്ക് കല്പന നല്കപ്പെട്ടിരിക്കുകയാണ്. ഈ ആയത്തിന്റെ സംബോധിതർ തീർച്ചയായും അക്കാലഘട്ടത്തിൽ ഇസ്ലാമിന്റെ അഭിവൃദ്ധിയെ രാഷ്ട്രീയപരമായ കാരണങ്ങളോടുകൂടി ബന്ധപ്പെട്ടിരിക്കന്നുവെന്ന് പറയുന്ന മുസ്ലിമീങ്ങളാണ്. അല്ലാഹു പറയുന്നു, ഈ തെറ്റിൽ അകപ്പെടരുത്, പ്രത്യുത രാവിലേയും വൈകുന്നേരവും നമസ്കാരങ്ങളിൽ ദുആകൾ ചെയ്തുകൊണ്ടിരിക്കുകയും അല്ലാഹുവിന്റെ കൃപയെ ദുആകൾമുഖേന ചലപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ആളുകളോടൊപ്പം ചേരുക. വീണ്ടും പറയുന്നു:നമസ്കാരക്കാരൻ ജമാഅത്തിൽനിന്ന് തന്റെ ദൃഷ്ടികൾ മാറ്റി മറ്റൊരിടത്തേക്ക് കൊണ്ടുപോകരുത്. എന്തുകൊണ്ടെന്നാൽ ദുൻയാവിന്റെ സൗന്ദര്യവും അതിലെ അഭിവൃദ്ധിയുടെ വിഭവവും അവയ്ക്കുവെളിയിൽ കിട്ടുന്നതായിരിക്കും. പക്ഷേ, അതിൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാകുകയില്ല. അതിനാൽ ഭൗതികമായ അത്യാഗ്രഹം കാരണത്താൽ ബാഹ്യമായി നിസ്സാരമായി കാണുന്ന ജമാഅത്തിനെ നിസ്സാരമായി കാണരുത്. ദൈവസ്മരണയിലും പ്രബോധനത്തിലും അശ്രദ്ധരായിരിക്കുന്നവരേയും ലാത്തിയുടെ ശക്തിയാൽ ആ ജനതയെ നേരെയാക്കാൻ ആഗ്രഹിക്കുന്നവരേയും അമിതത്വത്തിന്റേയും അതിമിതത്വത്തിന്റേയും രോഗത്തിലും രാഷ്ട്രീയപരമായ ഇന്ദ്രിയാശകളിലും അകപ്പെട്ടവരേയും പിൻപറ്റുകയുമരുത്.

ഈ ആയത്തിൽ അക്കാലത്ത് മൂന്നുകാര്യങ്ങൾ മുസ്ലിമീങ്ങളുടെ മുസ്വീബത്തുകൾക്ക് നിമിത്തമായിരിക്കുമെന്നും പറഞ്ഞിരിക്കുന്നു. ഒന്ന് ആളുകൾ ആരാധനകളിൽ അശ്രദ്ധരായിരിക്കും. ഇബാദത്തിലേക്ക് ഒരു ശ്രദ്ധയുമുണ്ടായിരിക്കുകയില്ല. രണ്ടാമത്തെ കാര്യം ജനങ്ങളുടെ മനസ്സിൽ ഭൗതികസമ്പത്തുകളോടുള്ള സ്നേഹം വർധിക്കുന്നതായിരിക്കും. മൂന്നാമത്തെ കാര്യം സുഖജീവിതത്തിന്റേയും സുഖഭോഗത്തിന്റേയും വലിയ സമ്മർദമുണ്ടായിരിക്കും. അത്തരം നേരത്ത് മുഅ്മിൻ നിർബന്ധമായും ചെയ്യേണ്ടത് ഇബാദത്തിൽ മുഴുകിയിരിക്കുക എന്നതാണ്. ധനത്തിലേക്ക് അഭിരുചി കാണിക്കരുത്. തന്റെ അനുവദനീയമായ ആവശ്യങ്ങൾ പൂർത്തിയാക്കി ധനത്തിന്റെ ബാക്കിഭാഗം ദീനിന്റെ പ്രചാരണത്തിൽ ചെലവഴിക്കുക.(തഫ്സീറെ കബീർ, വാള്യം 4, പേജ് 443, പ്രസാധനം 2010 ഖാദിയാൻ)

## വിവാഹാവസരത്തിലെ ഡാൻസും പാട്ടും

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: വിവാഹാവസരങ്ങളിൽ ശരീഅത്തിന്റെ അടിസ്ഥാനത്തിൽ പാട്ടുപാടുക അനുവദനീയമാണ്. എന്നാൽ, അത് ഉപദ്രവമുണ്ടാക്കാത്തതോ മതപരമോ ആയിരിക്കേണ്ടതാണ്. (അൽഫള്ൽ 1945 ജനുവരി 20)

ഹദ്റത്ത് ഖലീഫത്തുൽ മസീഹുർറാബിഅ്(റഹ്)പറയുന്നു: വിവാഹത്തിൽ എത്രവേണമെങ്കിലും ദഫ് മുട്ടിക്കൊള്ളുക. ഇതിന് വിരോധമില്ല. പാട്ടും പാടുക.......പക്ഷേ, അത്തരം അവസരത്തിൽ അനുവദനീയമല്ലാത്ത ആചാരങ്ങൾ ചെയ്യരുത്........കാരണം അത് സമൂഹത്തെ സമ്മർദ്ദത്തിലാക്കുകയും മുസ്വീബത്തുകളിൽ അകപ്പെടുത്തുകയും ചെയ്യും.(മജ്ലിസെ ഇർഫാൻ ലജ്ന ഇമാഇല്ലാഹ് കറാച്ചി പേജ് 134)

## 128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തീയതികളിൽ സംഘടിപ്പിക്കുന്നതാണ്.

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതിന് അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുന്നതിന് ദുആയോടുകൂടി നിയ്യത്ത് വെച്ച് തയ്യാറെടുപ്പുകൾ നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഈ ജൽസസാലാന എല്ലാ വിധത്തിലും വിജയപ്രദവും അനുഗൃഹീതവുമാകുന്നതിനും ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനും ദുആ തുടർന്നുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനൽ ജസാഇ(നാളിർ ഇസ്ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ**
**670 303.**
**ismayeel.ha@gmail.com**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin